

# മരിയൻ വോയ്സ്

Voice of St. Mary's Youth Movement, Karamoodu

കാരമൂട് സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 2 | ലക്കം 2 | ഡിസംബർ 2009 | പേജ് 8

Website: www.mosc.in
E-mail : catholicos@mosc.in

Telephone 0481 - 2574323, 2578500
Fax 0481 - 2570569

**The Malankara Orthodox Syrian Church**
CATHOLICATE OF THE EAST

**Baselios Marthoma Didymus I**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 038
KERALA, INDIA

ഡിസംബർ 1, 2009

നമുക്ക് ഏറ്റവും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ കാരമൂട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിക്കും യുവജനപ്രസ്ഥാനം പ്രവർത്തകർക്കും വാഴ്വ്

പ്രിയരേ,

"യൗവനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊള്ളുക" എന്ന തിരുവചനത്തിന് അനുസരിച്ച് ആ ഇടവകയിലെ യുവജനപ്രസ്ഥാനം മാതൃകാപരമായ രീതിയിൽ നിരവധി ആത്മീയ-സാമൂഹ്യ സേവന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുവാൻ ആദ്ധ്യാത്മിക ചിന്തകളാൽ നയിക്കപ്പെടുന്ന ഒരു യുവ സമൂഹത്തിന് മാത്രമേ കഴിയുകയുള്ളൂ. കാരമൂട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെയും ആ ദേശത്തിന്റെയും സാമൂഹ്യമായ വളർച്ചയ്ക്കും നന്മയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾ തുടർന്നും കാഴ്ചവയ്ക്കുവാൻ ആ ഇടവകയിലെ യുവജനപ്രസ്ഥാന പ്രവർത്തകർക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. ഇടവകയുടെ പെരുന്നാളിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനം പ്രസിദ്ധീകരിക്കുന്ന പത്രത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

# വികാരിയിൽ നിന്നും....

കർത്താവിൽ പ്രിയ സഹോദരങ്ങളെ,

മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു പ്രധാനപ്പെട്ട ദേവാലയമായ പള്ളം കാരമൂട് സെന്റ് മേരീസ് സെഹിയോൻ ഓർത്തഡോക്സ് പള്ളിയിലെ യുവജന പ്രസ്ഥാനത്തിന്റെ മുഖപത്രം ഈ വർഷവും പ്രസിദ്ധീകരിക്കുകയാണ്. പള്ളിപ്പെരുന്നാൾ, ക്രിസ്തുമസ്, പുതുവത്സരം എന്നിവയോടനുബന്ധിച്ച് ഈ വാർഷികപ്പതിപ്പ് പ്രകാശനം ചെയ്യുവാൻ അദ്ധ്വാനം ചെയ്ത നമ്മുടെ നല്ലവരായ യുവാക്കളെ അനുമോദിക്കുന്നു. നാനാ ജാതിമതസ്ഥരായ തദ്ദേശ നിവാസികളുടെ ഭക്തിയും ഇടവകജനങ്ങളുടെ നിർല്ലോഭമായ സഹകരണവും സഹായവും കൊണ്ട് നാൾ തോറും അതീവ ശോഭയോടെ പരിലസിക്കുവാൻ വിശുദ്ധ ദൈവമാതാവിന്റെ പുണ്യ നാമത്തിൽ സംസ്ഥാപിതമായിട്ടുള്ള ഈ ദേവാലയത്തിനു സാധിക്കുന്നു. ഈ പെരുന്നാളിൽ വന്നു സംബന്ധിച്ച്, കണ്ണുനീരോടും പ്രാർത്ഥനയോടും കൂടെ നേർച്ച കാഴ്ചകളർപ്പിക്കുന്ന എല്ലാ ഭക്തജനങ്ങൾക്കും പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥത കോട്ടയായിരിക്കട്ടെ.

നമ്മുടെ ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവ നേതൃത്വം നൽകുന്ന ആദ്ധ്യാത്മിക സംഘടനയാണ് യുവജനപ്രസ്ഥാനം. ഇതിൽ അംഗങ്ങളായിട്ടുള്ള നിറവും ചൈതന്യവുമുള്ള യുവതീയുവാക്കന്മാർ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നത് ഇടവകയ്ക്ക് മുതൽക്കൂട്ടാണ്. കൂടുതൽ ഉന്മേഷത്തോടും ആവേശത്തോടും കൂടി തങ്ങളുടെ ദൗത്യം നിർവ്വഹിക്കുവാനുള്ള ദൈവാനുഗ്രഹം അവർക്കു ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്ന കാര്യങ്ങൾ തിരിച്ചറിയുന്നതിനുള്ള സന്ദർഭമാണ് ആരാധനയും പ്രാർത്ഥനയും. ജീവിതത്തിലെ ഓരോ നിമിഷവും ഇപ്രകാരം തിരിച്ചറിയപ്പെടുന്ന ദൈവവിളിയുടെ പൂർത്തീകരണത്തിനായി നമുക്കു യത്നിക്കാം. ആധുനിക സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടണം. പുകവലി, മദ്യപാനം, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയ എല്ല ദുശ്ശീലങ്ങളും ഉപേക്ഷിക്കണം. ഓരോ വ്യക്തിയും കുടുംബവും ക്രൈസ്തവ പരിപൂർണ്ണതയാർജ്ജിക്കണം. അക്രമത്തിനും അനീതിക്കുമെതിരായ നമ്മുടെ പോരാട്ടം തുടരാം. സദാചാരനിഷ്ഠയും ധാർമ്മിക ബോധവും അർപ്പണ ജീവിതമുള്ള ഒരു പുത്തൻ തലമുറ ഇടവകയെ പുരോഗതിയിലേക്കു നയിക്കും. ക്രൈസ്തവ ചൈതന്യമുള്ള ഒരു മാതൃകാ ഇടവകയായി പരിലസിക്കുവാനുള്ള ഇടവകയുടെ ഉദ്യമത്തിൽ പങ്കാളികളാകുവാനുള്ള ദൈവകൃപ നമ്മുടെ യുവാക്കൾക്ക് ലഭിക്കട്ടെ ഇടവകയിലെ യുവതീയുവാക്കൾക്ക് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു. ദൈവംതമ്പുരാൻ അവർക്ക് നല്ലതു വരുത്തട്ടെ. സന്തോഷപ്രദമായ ക്രിസ്തുമസും. ഐശ്വര്യസമ്പൂർണ്ണമായ നവവത്സരവും!



**ഫാ. എം. സി. ജോർജ്ജ്**

മുണ്ടപ്ലാമൂട്ടിൽ, വികാരി.

# ജ്ഞാനത്തിന്റെ ആത്മാവ്

**ഗീവർഗീസ് മാർ ഈവാനിയോസ്**



“ഇങ്ങനെ അവർ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ യേശു അവരുടെ നടുവിൽ നിന്ന് നിങ്ങൾക്ക് സമാധാനം എന്നു പറഞ്ഞു. അവർ ഞെട്ടി ഭയപ്പെട്ടു: ഒരു ഭൂതത്തെ കാണുന്നു എന്നവർക്ക് തോന്നി. അവൻ അവരോട് നിങ്ങൾ കലങ്ങുന്നതെന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നത് എന്ത്? എന്നെ തൊട്ടുനോക്കുവിൻ..... അവർ സന്തോഷത്താൽ വിശ്വസിക്കാതെ അതിശയിച്ച് നില്ക്കുമ്പോൾ അവരോട്; തിന്നുവാൻ വല്ലതും ഇവിടെ നിങ്ങളുടെ പക്കൽ ഉണ്ടോ എന്ന് ചോദിച്ചു....... അതു വാങ്ങി അവർ കാൺകെ തിന്നു” (വി. ലൂക്കോസ് 24: 36-43)

ലോകത്തിലെ ആദ്യത്തെ തിയോളജിക്കൽ സെമിനാരി പന്ത്രണ്ടപ്പോസ്തലന്മാർ പഠിച്ച സ്ഥലമാണ്. ക്രിസ്തു ആണ് അവരുടെ ദൈവശാസ്ത്ര അദ്ധ്യാപകൻ മേല്പറഞ്ഞ വേദഭാഗം അവരുടെ അവസാനത്തെ ക്ലാസ്സിൽ നിന്നുള്ള നേട്ടമാണ്. മൂന്നരവർഷക്കാലത്തെ പഠനത്തിനൊടുവിലും സംശയവും കലക്കവും അവിശ്വാസവും അവരിൽ നിന്ന് പൂർണ്ണമായും വിട്ടുമാറിയിരുന്നില്ല എന്നാണ് തിരുവചനം സാക്ഷിക്കുന്നത്.

ശിഷ്യന്മാരുടെ തലവനാണ് ശീമോൻ പത്രോസ്. ക്ലാസ്സിന്റെ റീശ് (തലവൻ) എന്ന് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹത്തിന്റെ സ്വഭാവത്തിലെ പ്രത്യേകതകൾ വാസ്തവത്തിൽ ശിഷ്യസമൂഹത്തിന്റെ മുഴുവൻ പ്രത്യേകതകളാണ്. ഒരുപാട് ചപലതകളുടെ പ്രതീകമാണ് ശീമോൻ. അടിസ്ഥാനപരമായി എടുത്തുചാട്ടക്കാരനാണ്. എത്രയോ ഇടങ്ങളിൽ ഇത് വെളിപ്പെടുത്തുന്നുണ്ട്.

i. (കർത്താവ് കടലിന് മീതെ നടന്ന് വരുന്നത് കണ്ടപ്പോൾ ശീമോനും ആഗ്രഹം കടലിന് മീതെ തനിക്കും നടക്കണം.) കർത്താവ് വിളിച്ചു: 'വരിക' ശീമോൻ ഇറങ്ങി കർത്താവിനെ നോക്കി കടലിനു മീതെ കാല് വച്ചു. മു നോട്ട് നടന്നു. പെട്ടന്ന് കാറ്റ് കണ്ടു ഭയപ്പെട്ടു. വെള്ളത്തിൽ മുങ്ങാൻ തുടങ്ങി. തമ്പുരാൻ കൈപിടിച്ച് കരകയറ്റി. ശ്രദ്ധിക്കുക ക്രിസ്തുവിൽ നിന്ന് നോട്ടം മാറിയതേയുള്ളു മുങ്ങിതാഴാൻ തുടങ്ങി. ലക്ഷ്യം തെറ്റിപോയാൽ വീണുപോകും. അത് മാത്രമല്ല ഈ സംഭവത്തിൽ നിന്ന് പഠിക്കുന്നത് പെട്ടന്ന് ക്രിസ്തുവിനെപ്പോലെയാവാൻ നടത്തിയ എടുത്തുചാട്ടത്തെക്കുറിച്ചും ഇത് ഓർമ്മിപ്പിക്കുന്നുണ്ട്. ഇന്നും എല്ലാവർക്കും വേണ്ടത് വളരെ വേഗം അതിശയങ്ങൾ പ്രവർത്തിക്കുന്നവരാകുക എന്നതാണ്. എല്ലാവരും കരയിൽ കൂടി നടക്കുമ്പോൾ തനിക്ക് കടലിൽകൂടി നടക്കുന്ന ആളാകണം എന്ന് വിചാരം. 'ആളാകണം' എന്ന വിചാരം ആത്മീയ ജീവിതത്തിലെ ഒരു ചാപല്യമാണ് (വി. മത്തായി 14: 22-33).

ii. കർത്താവ് ശീമോനോട് പറയുന്നു. 'സാത്താന്റെ പരീക്ഷയിൽ വീണശേഷം നീ തിരിഞ്ഞ് നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊൾക.' ശീമോൻ അവനോട്: കർത്താവെ ഞാൻ നിന്നോട് കൂടെ തടവിലാകുവാനും മരിക്കുവാനും ഒരുങ്ങിയിരിക്കുന്നു.'' (വി. ലൂക്കോസ് 22:32-34) 'പത്രോസേ, നീ എന്നെ അറിയുന്നില്ല എന്ന് മൂന്ന് പ്രാവശ്യം തള്ളിപ്പറയും.” എന്ന കർത്താവ് മറുപടി നൽകുന്നു. (ശീമോന്റെ വാക്കുകൾ ശ്രദ്ധിക്കുക. ഞാൻ കർത്താവ് വിചാരിക്കുന്ന പോലല്ല, വലിയ ഉറപ്പുള്ള ആളാണ് എന്നൊരു ധ്വനി അതിലുണ്ട്) അതിനെയാണ് കർത്താവ് തകർക്കുന്നത്. സ്വയനീതീകരണവും ആത്മീയ അഹങ്കാരവും വലിയ ചാപല്യങ്ങളാണ്.

iii. ഗത്സമേനതോട്ടത്തിൽ വച്ച് കർത്താവിനെ പ്രതിരോധിക്കാൻ വാളെടുക്കുന്നുണ്ട് ശീമോൻ. പലപ്പോഴും നമ്മളും ചെയ്യാറുണ്ട്. ഇത് നമ്മുടെ കൈവശമുള്ള മുറിപാണ്ഡിത്യം കൊണ്ടും അല്പത്വം കൊണ്ടും ദൈവത്തേയും സഭയേയും സംരക്ഷിക്കാൻ മുതിരാറുണ്ട് നാം. പ്രാർത്ഥന മറന്നു പോകുകയും ചെയ്യും. സത്യവിശ്വാസ സംരക്ഷണ സമിതികൾ പലരൂപത്തിലുണ്ട് ചുറ്റും വാളെടുക്കുന്നവനെല്ലാം വാളാലാണ് അവസാനിക്കുക.ദൈവത്തിന്റെ സംരക്ഷകരാകുന്നത് നമ്മുടെ മൗഢ്യത്തിന്റെ തെളിവാണ്.

iv. കർത്താവ് തന്റെ മരണത്തെയും ഉയർത്തെഴുന്നേല്പിനെയും കുറിച്ച് സംസാരിക്കുമ്പോൾ, കർത്താവേ നിനക്ക് അത് ഭവിക്കരുതേ എന്ന് പത്രോസ് അവനെ മാറ്റി നിർത്തി പറയുന്നു. കർത്താവ് അവനെ ശാസിക്കുന്നു:- “സാത്താനെ നീ എന്നെ വിട്ടുപോക... നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രെ ചിന്തിക്കുന്നത് എന്ന് പറഞ്ഞു” (വി. മത്തായി 16: 23). ക്രിസ്തുവിന്റെ വാക്കുകളെ ഉൾക്കൊള്ളാനാവാതെ വരുമ്പോൾ മറുവഴികൾ ചിന്തിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ വഴി അല്ലാതെയുള്ളത് പിശാചിന്റെ വഴിമാത്രമാണ്. ദൈവവഴികളെ ഉൾക്കൊള്ളാനാവാത്തതും ആത്മീയ ജീവിതത്തിലെ അച്ചടക്കമില്ലായ്മയുടെ സൂചനയാണ്.

v. ഒരു നാഴിക നേരമെങ്കിലും എന്നോടൊപ്പം ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിവില്ലയോ? എത്ര ഹൃദയവേദനയോടെയാണ് തമ്പുരാൻ അങ്ങനെ ചോദിക്കുന്നത്. പ്രാർത്ഥിക്കുമ്പോൾ ഉറങ്ങുക അഥവാ ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പാൻ അറിയാതെ പോവുക എന്നത് ഗുരുതരമായ ആത്മീയ പ്രതിസന്ധിയാണെന്നത് ഈ സംഭവം ഓർമ്മിപ്പിക്കുന്നു.

vi. കാൽകഴുകുന്ന സമയം ഗുരു അടുത്ത് വന്നപ്പോൾ ശീമോൻ ചാടി (എണീറ്റ്) പറയുന്നു, 'അരുത്.' ഗുരുവിന്റെ ഓരോ നടപടികളെയും പരിപൂർണ്ണമായും നിസ്സംശമായും അനുസരിക്കുക എന്ന ആദ്ധ്യാത്മിക അഭ്യസനത്തിലാണ് ശീമോൻ വീഴ്ച വരുത്തുന്നത്.

vii. ഒടുവിൽ കർത്താവിനെ പിടികൂടുന്നതിന് പടയാളികൾ എത്തുമ്പോൾ എല്ലാ ശിഷ്യന്മാരും ചിതറിയോടി മൂന്നര വർഷം കൂടെ നടത്തി പഠിപ്പിച്ചിട്ടും ഇറങ്ങിയോടി. കുരിശിന്റെ ചുവട്ടിൽ കുറെ സ്ത്രീകൾ മാത്രം. ക്രിസ്തീയ ചരിത്രത്തിലെ ആദ്യത്തെ വനിതാസമാജം കൂടിയത് അവിടെയാണ്. ഒന്നോർക്കണം, കുരിശിന്റെ ചുവട്ടിൽ നിന്നവരാണ് ആദ്യം ഉത്ഥാനം കണ്ടത്.

അങ്ങനെ ആദ്യത്തെ തിയോളജിക്കൽ വിദ്യാഭ്യാസം കഴിഞ്ഞവരുടെ റിപ്പോർട്ട് ഇങ്ങനെയാണ് വന്നത്. ഉറക്കംതൂങ്ങികളും എടുത്തുചാട്ടക്കാരും അവിശ്വാസികളും സംശയക്കാരും എന്നാൽ അത്ഭുതങ്ങളും അതിശയങ്ങളും ചെയ്യാൻ ആവേശമുള്ളവരും പോപ്പുലാരിറ്റി

(ശേഷം ആറാം പേജിൽ)

## പത്രാധിപക്കുറിപ്പ്

മരിയൻ വോയ്സ്
പുസ്തകം 2 ലക്കം 2 ഡിസംബർ 2009

# നഷ്ടപ്പെടുന്ന സാമൂഹിക ബന്ധങ്ങൾ

കാരമൂട് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ മുഖപത്രമായ "മരിയൻ വോയ്സ്" രണ്ടാം വയസ്സിലേക്ക് കടക്കുകയാണ്. 8 പതിറ്റാണ്ട് പിന്നിടുന്ന പാക്കിൽ സെന്റ് മേരീസ് ദേവാലയം സംഭവ ബഹുലമായ കാലഘട്ടത്തിലൂടെ കടന്നാണ് ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത്. സഹനത്തിന്റെയും കഷ്ടപാടിന്റെയും ഒരുപാട് പടവുകൾ കയറിയ പൂർവ്വികരുടെ കഠിനാധ്വാനത്തിന്റെ ആക തുകയെന്നോണം സുഭിക്ഷ്യതയുടെ നാളുകളുമായി ഇന്നത്തെ തലമുറ അരങ്ങ് തിമിർത്ത് ആടുകയാണ്. ഈ ആട്ടത്തിനിടയിൽ നഷ്ടപ്പെടുന്ന സാമൂഹിക ബന്ധങ്ങളും ആരും ആരുടെയും അല്ലാതായിരുന്ന അവസ്ഥാ വിശേഷണങ്ങളും അനുഭവിച്ചറിഞ്ഞ് വരുന്നു. കുടുംബ ബന്ധങ്ങൾക്ക് ഇന്ന് പഴയ കാലത്തുണ്ടായിരുന്നത്ര ഇഴയടുപ്പമുണ്ടോയെന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ഈശ്വര വിശ്വാസത്തിന്റെ തീവ്രതയിൽ യാന്ത്രികതയുടെ പരിവേശമുണ്ടൊയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഇന്ന് സഭയിൽ നിന്നും സമൂഹത്തിൽ നിന്നും ധാരാളം വെല്ലുവിളികൾ നേരിടുന്ന യുവജനങ്ങൾ പ്രസ്ഥാനത്തോടൊപ്പം നിന്നുകൊണ്ട് ക്രിയാത്മകമായും കർമ്മോത്സുകമായും പ്രവർത്തിക്കുവാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. ബാഹ്യമായ പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ കൂടുതൽ തലങ്ങളിലേക്ക് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ അനുനയിപ്പിക്കുക എന്നതാണ് പ്രസ്ഥാനത്തിന്റെയും പ്രവർത്തകരുടെയും ലക്ഷ്യം.

ഇടവകയിലെ പരിപാടികളിൽ നമ്മുടെ യുവജന പ്രസ്ഥാനം പ്രധാന പങ്ക് വഹിക്കുന്നു. ഇടവകയിലെ മറ്റ് ആത്മീയ പ്രസ്ഥാനങ്ങൾ യുവജനപ്രസ്ഥാനത്തിന് നൽകുന്ന പിന്തുണയിൽ സന്തോഷം ഉണ്ട്. യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും തന്ന് ഞങ്ങളെ തൽപരരാക്കിയ ഇടവക വികാരിയും യുവജനപ്രസ്ഥാനം പ്രസിഡന്റുമായ ഫാ. എം. സി. ജോർജ്ജ് അച്ചനോടും ഭരണസമിതി അംഗങ്ങളോടും കടപ്പെട്ടിരിക്കുന്നു. ഇടവകയുടെ വലിയ പെരുന്നാളിനോടനുബന്ധിച്ച് മരിയൻ വോയ്സിന്റെ രണ്ടാം പതിപ്പ് ഇറക്കുവാൻ സഹായിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നതിനൊപ്പം തുടർന്നുള്ള പ്രവർത്തനങ്ങളിൽ മരിയൻ വോയ്സിനോടൊപ്പം ഉണ്ടാകണം എന്നും അപേക്ഷിക്കുന്നു.

**റോഷൻ വി. പി.** (ചീഫ് എഡിറ്റർ)

# കുടുംബവും കുട്ടികളും



**ജേക്കബ് ജോർജ്ജ്**
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

സമൂഹത്തിൽ ഏറ്റവും പുരാതനമായി സ്ഥാപിതമായതാണ് കുടുംബം. മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽ പിതാവാം ദൈവം തന്നെയാണ് ഇത് സ്ഥാപിച്ചത്. "ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു" (ഉല്പത്തി 1:27) എന്ന പ്രസ്താവനയിൽ നിന്നു തന്നെ ദാമ്പത്യത്തിന്റെയും കുടുംബജീവിതത്തിന്റെയും അടിസ്ഥാനം കണ്ടെത്താം. അതിനാൽ ഓരോ കുടുംബത്തിലും ഓരോ വ്യക്തിയിലും പാർക്കാൻ യേശു ആഗ്രഹിക്കുന്നു. യേശുവിനോടു കൂടെയുള്ള ജീവിതം സന്തോഷവും ആശ്വാസവും ഉളവാക്കുന്നു. ദൈവം മനുഷ്യന് നൽകിയ ശ്രേഷ്ഠമായ വരദാനമാണ് കുടുംബം. ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ ജീവിതം കരുപ്പിടിപ്പിക്കുന്നത് അവൻ ജനിച്ച കുടുംബമാണ്. സ്വഭാവം, അഭിരുചി, ജീവിതദർശനം, പെരുമാറ്റം എന്നിവയെല്ലാം രൂപപ്പെടുന്നത് കുടുംബാന്തരീഷത്തിൽ നിന്നാണ്. അതിനാൽ ഒരു വ്യക്തിയുടെ കുട്ടിക്കാലത്തെ കുടുംബാന്തരീക്ഷമാണ് അവരുടെ ജീവിതത്തെ ഏറെ സ്വാധീനിക്കുന്നത്.

വ്യക്തികളുടെ ഒരു സമൂഹമായ കുടുംബത്തിൽ കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിക്കണം. അവരുടെ വ്യക്തിപരമായ അന്തസ്സിന്റെ നേർക്ക് അഗാധമായ ഒരാദരവും, അവരുടെ അവകാശങ്ങളുടെ നേർക്ക് വലിയ ബഹുമാനവും ഉദാരമായ പരിഗണനയും പരിപോഷിപ്പിച്ചുകൊണ്ട് വേണം ഇതു സാധിക്കാൻ.
എല്ലാ കുട്ടികളുടെ കാര്യത്തിലും ഇതു ശരിയാണ്. കുട്ടി തന്നെ ചെറുപ്പമായിരിക്കുമ്പോഴും, എല്ലാ കാര്യങ്ങളിലും പരശ്രയം ആവശ്യമായിരിക്കുമ്പോഴും, അവന് രോഗമോ, വേദനയോ മറ്റ് ബുദ്ധിമുട്ടുകളോ ഉണ്ടായിരിക്കുമ്പോഴും ഇത് പൂർവ്വാധികം അനുപേക്ഷണീയമായി തീരുന്നു. അതോടൊപ്പം സഭയിലൂടെ അവരുടെ ആത്മികമായ വളർച്ചയ്ക്കുള്ള സാഹചര്യം മാതാപിതാക്കൾ ഉണ്ടാക്കി കൊടുക്കണം. ഇതിലൂടെ അവർ അടിസ്ഥാനപരമായ ദൗത്യം പൂർത്തീകരിക്കുകയാണ് ചെയ്യുന്നത്. എന്തെന്നാൽ കുട്ടിയെ ദൈവരാജ്യത്തിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് നാഥനായ ക്രിസ്തുവിന്റെ മാതൃകയിൽ ജീവിക്കുവാനും ദൈവീക കല്പനകളെ പാലിക്കുവാനും പ്രേരിപ്പിക്കുന്നു.

ഈ ഭൂമിയിൽ പിറക്കുന്ന ഓരോ ശിശുവിന്റെയും കാര്യത്തിൽ അധികാരം, സ്നേഹം, ആദരവ്, അവന്റെ ഭൗതികവും വൈകാരികവും വിദ്യാഭ്യാസപരവും ആദ്ധ്യാത്മീകവുമായ കാര്യങ്ങളിലുള്ള ബഹുമുഖവും ഐക്യാധിഷ്ഠിതവുമായ താൽപര്യം എന്നിവ എല്ലാ ക്രിസ്ത്യാനികളുടെയും വിശിഷ്യ ക്രൈസ്തവ കുടുംബങ്ങളുടെയും വ്യതിരിക്തവും, അനുപേക്ഷണീയവുമായ സ്വഭാവവിശേഷത്തിന്റെ ഘടകമായിത്തീരണം. അങ്ങനെ കുട്ടികൾ ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളരാൻ കഴിവുള്ളവരാകുന്നതോടൊപ്പം, കുടുംബ സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും സ്വന്തം മാതാപിതാക്കളുടെ വിശുദ്ധീകരണത്തിനു തന്നെയും തങ്ങളുടേതായ അമൂല്യമായ സംഭാവനകളർപ്പിക്കുകയും ചെയ്യുന്നു.

**'മരിയൻ വോയ്സ്'**
**എഡിറ്റോറിയൽ ബോർഡ്**
രക്ഷാധികാരി:
**ഫാ. എം. സി. ജോർജ്ജ്**
മുണ്ടപ്ലാമൂട്ടിൽ
ചീഫ് എഡിറ്റർ:
**റോഷൻ വി. പി. വൈദ്യൻപറമ്പിൽ**
കമ്മറ്റി അംഗങ്ങൾ
ലിറ്റൊ കെ. ജോയി കുന്നുംപുറത്ത്
ജോർജി പുന്നൻ പെരുംപുഴമൂലയിൽ
ഷിനു സ്കറിയ മുണ്ടപ്ലാമൂട്ടിൽ

**മരിയൻ വോയിസിന്റെ ക്രിസ്തുമസ് - പുതുവത്സര ആശംസകൾ**

**മരിയൻ വോയിസിനെപറ്റിയുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും**
**Marian.voice09 @ gmail. com**
**എന്ന വിലാസത്തിൽ അയക്കുക.**

# ക്രിസ്തുമസ്സ് എന്ന മഹാത്ഭുതം

**റവ. ഡോ. എം. എസ്സ്. യൂഹാനോൻ റമ്പാൻ**

ക്രിസ്തുമസ് എന്നു കേൾക്കുമ്പോൾ യേശു തമ്പുരാന്റെ ജനനമാണ് നമ്മുടെ മനസ്സിൽ എത്തുക. എന്നാൽ ക്രിസ്തുമസ്സ് കർത്താവിന്റെ സമഗ്ര ജീവിതത്തെയും ഉൾകൊള്ളുന്നതാണ്.

മനുഷ്യചരിത്രത്തിലെ രണ്ടു മഹാത്ഭുതങ്ങളാണ് നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും, മരണത്തിന്റെ വിഷമുള്ളുകളെ പരാജയപ്പെടുത്തിയുള്ള മഹനീയമായ പുനരുത്ഥാനവും, ക്രൈസ്തവ സഭയുടെ മുഴുവൻ വേദശാസ്ത്രവും, വിശ്വാസ പാരമ്പര്യങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നത് ഈ രണ്ട് മഹാ അത്ഭുതങ്ങളിലാണ്. യേശു തമ്പുരാൻ ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ ജനിക്കുമ്പോൾ മാലാഖന്മാർ പാടി. 'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്ക് സമാധാനം' (ലൂക്കോ. 2:14) യേശു തമ്പുരാന്റെ പുനരുത്ഥാനത്തിന്റെ ശക്തി ദമസ്കോസിന്റെ പടിവാതിൽക്കൽ വച്ച് അനുഭവിച്ചറിഞ്ഞു വി. പൗലൂസ് അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെ അറിയുവാൻ ആഗ്രഹിച്ചു. മരണത്തെ ചവിട്ടിമെതിച്ച് ശക്തി തേജസ്സോടെ ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി നമ്മിൽ വ്യാപരിക്കുവാൻ ആ ശക്തി നമ്മെ സ്പർശിക്കുവാൻ അത് നമ്മുടെ ആത്മശരീര മനസ്സുകളെ സൗഖ്യപ്പെടുത്താൻ അത് നമ്മേ പൂർണ്ണ വീണ്ടെടുപ്പിലേക്ക് നയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. നാം സന്തോഷത്തോടെ വീണ്ടും യേശു തമ്പുരാന്റെ തിരുഅവതാരം ഓർക്കുമ്പോൾ അത് ക്രിസ്ത്യാനികളായ നമുക്ക് വലിയൊരു പ്രത്യാശയും ഉറപ്പുമാണ് നൽകുന്നത്. അതുപോലെ യേശു ക്രിസ്തു രാജാധി രാജാവായി വീണ്ടും എഴുന്നള്ളും എന്നുള്ള ക്രൈസ്തവ സഭയുടെ പ്രത്യാശ യുഗാന്ത്യത്തിൽ പൂർണ്ണമാകുമെന്നുള്ള ഉറപ്പാണ് ക്രിസ്തുമസ് നമുക്കോരോരുത്തർക്കും നൽകുന്നത്.

യേശുതമ്പുരാന്റെ ജീവിതകാലത്ത് യഹൂദ പ്രമാണിമാർ, യേശു ക്രിസ്തുവിന്റെ അധികാരത്തെ ചോദ്യം ചെയ്യുകയും, മോശയും മറ്റു പ്രവാചകന്മാരും ചെയ്തതുപോലെയുള്ള അത്ഭുതങ്ങൾ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. യേശു തമ്പുരാൻ അവരുടെ വെല്ലുവിളി സ്വീകരിച്ച് പറയുന്നു. "ഈ മന്ദിരം പൊളിപ്പീൻ. ഞാൻ മൂന്നു ദിവസം കൊണ്ട് അതിനെ പണിയും" (യോഹ. 2:19). ഇത് തന്റെ ശരീരമായ ദേവാലയത്തെക്കുറിച്ചാണ് എന്ന് വ്യക്തമാക്കിക്കൊണ്ട് കർത്താവ് പറയുന്നു. ദോഷവും വ്യഭിചാരമുള്ള തലമുറ അടയാളം തിരയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലാതെ അതിനു അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും (മത്തായി. 12:38). താൻ ശവക്കല്ലറകളെ ഭേദിച്ച് മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കും എന്ന വലിയ സത്യമാണ് ഈ വാക്യങ്ങളിലൂടെ വെളിപ്പെടുത്തുന്നത്. ഭൂമിയെ പിളർന്ന് മരണത്തെ ജയിച്ച് പുറത്തുവന്ന കർത്താവിന്റെ പുനരുത്ഥാനമാണ് മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ അത്ഭുതം. നമ്മുടെ കർത്താവ് നമ്മോട് ആവശ്യപ്പെടുന്നത്. വി. പൗലോസിനെപ്പോലെ കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെ അറിയുവാനും ആ ശക്തിയിൽ ആശ്രയിച്ച് ജീവിതവിജയം കണ്ടെത്തുവാനുമാണ്. ലോകത്തിലെ മറ്റു ശക്തികളും സുരക്ഷിതത്വങ്ങളും എല്ലാം പരാജയപ്പെടും. കർത്താവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെ ഒന്നിനും പരാജയപ്പെടുത്താൻ കഴിയില്ല. "അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിനും എന്ന്" വി. പൗലോസ് പ്രാർത്ഥിക്കുന്നത് ആ ശക്തിപരമായ ശക്തി അനുഭവിച്ചറിഞ്ഞതുകൊണ്ടാണ് (ഫിലി. 3:10). യോഹന്നാൻ തന്റെ ശിഷ്യന്മാരെ ക്രിസ്തുവിന്റെ അടുത്തേക്ക് അയയ്ക്കുന്നു. വരുവാനുള്ളവൻ അവൻ തന്നെയോ എന്നറിയുന്നതിനായിട്ടാണ് അവരെ അയച്ചത്. യോഹന്നാന്റെ ശിഷ്യന്മാർ അവന്റെ പ്രവർത്തനം കണ്ട് അത്ഭുതം കൂറി അവനെ അനുഭവിച്ചറിയുന്നു. യേശു തമ്പുരാൻ അവരോട് പറയുന്നു."കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ടരോഗികൾ ശുദ്ധരായിത്തീരുന്നു, ചെകിടർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു, എന്നിങ്ങനെ നിങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നത് യോഹന്നാനെ ചെന്നറിയിപ്പീൻ.



ദൈവം നമ്മുടെ അനുദിന ജീവിതത്തിൽ ധാരാളം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതു കാണുവാനും മനസ്സിലാക്കുവാനുമുള്ള വിശ്വാസം നമുക്കില്ലാതെ പോകുന്നു. കർത്താവിന്റെ നടത്തിപ്പ് കണ്ടാലും നാം കണ്ടില്ലെന്നു ഭാവിക്കുന്നു. അല്ലെങ്കിൽ നമ്മുടെ ബലഹീനത നിമിത്തം നമുക്ക് അറിയാൻ സാധിക്കാതെ പോകുന്നു. ദൈവവചനം നമുക്ക് നൽകുന്ന ഉറപ്പ് അവന്റെ അളവില്ലാത്ത കരുതലും താങ്ങലുമുണ്ട്. കർത്താവിന്റെ നന്മയും കരുണയുമാണ് സ്വർഗ്ഗീയ കനാനിലേയ്ക്കുള്ള നമ്മുടെ ജീവിത യാത്രയിൽ നമ്മുടെ ശരണവും സങ്കേതവും.

ഹേരോദാവ് യേശുവിനെ കണ്ടിട്ട് അത്യധികം സന്തോഷിച്ചു. അവനെക്കുറിച്ച് കേട്ടിരുന്നതുകൊണ്ട് അവനെ കാണുവാൻ വളരെക്കാലമായി ഇച്ഛിച്ചു. അവൻ വല്ല അടയാളവും ചെയ്യുന്നത് കാണാം എന്ന് ആശിച്ചിരുന്നു. (ലൂക്കോ. 23:8)

ഹേരോദാവിന്റെ പാപം അവനെ ദൈവമഹത്വം കാണുവാനോ, അനുഗ്രഹം പ്രാപിപ്പാനോ ഇടയാക്കിയില്ല. ദൈവ മക്കൾക്ക് ദിനം തോറും അവന്റെ അത്ഭുതങ്ങളെ കാണുവാനും അനുഭവിപ്പാനും സാധിക്കുന്നു. "ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് അപേക്ഷിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികമായി നൽകും." (ലൂക്കോ 11:13) നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷങ്ങളിലും നാം അത്ഭുതം ദർശിച്ചു കൊണ്ടിരിക്കുയാണ്. നമ്മുടെ ജീവിതത്തിലെ ചെറിയക്കാര്യങ്ങളിൽ പോലും ദൈവം തമ്പുരാൻ അത്ഭുതകരമായി ഇടപെടുകയും നമ്മേ നടത്തുകയും ചെയ്യുന്നു. നമ്മിലെ ചില കുറവുകൾ കൊണ്ട് ചിലതൊന്നു നമുക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. നമ്മുടെ ജീവിതം മുഴുവൻ തന്നെ അനേകം അത്ഭുതങ്ങളുടെ ആകെത്തുകയാണ്. ബാല്യം സഹജമായ നിഷ്കളങ്കതയും വിശുദ്ധിയും ഉണ്ടെങ്കിൽ മാത്രമേ ഈ അത്ഭുതങ്ങളെ അങ്ങനെ മനസ്സിലാക്കുവാൻ കഴിയും.

ഇന്നത്തെ സമൂഹം അടയാളങ്ങളിലും അത്ഭുതങ്ങളിലും ആശ്രയിക്കുന്നു. കർത്താവിന്റെ കാലത്തെ യഹൂദരെപോലെ അത്ഭുതം അവരുടെ വിശ്വാസ അടിസ്ഥാനമാകുന്നു. ഇത് വലിയൊരു വിപത്താണ്. ഇന്ന് അനേകം ക്രൈസ്തവ വിഭാഗങ്ങൾ അത്ഭുതത്തിന് വലിയ പ്രചാരണമാണ് നൽകുന്നത്. അത്ഭുതങ്ങൾ വിശ്വാസത്തിന്റെ അടിസ്ഥാനമാകുമ്പോൾ അത്ഭുതങ്ങൾ നടക്കുന്ന സ്ഥലങ്ങളും, ആളുകളും ഒക്കെ ദൈവങ്ങളായി പരിണമിക്കുന്നു. ഇത് അടിസ്ഥാന ക്രിസ്തീയ വിശ്വാസത്തിനു നിരക്കാത്തകുന്നു. യേശു തമ്പുരാൻ മനുഷ്യരുടെ പ്രയാസം കണ്ട് മനസ്സലിഞ്ഞ് രോഗികളെ സൗഖ്യമാക്കുകയും ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുകയും ചെയ്തിട്ടുണ്ട്. അത് ആരോടും പറയരുത് എന്നാണ് കർത്താവു കല്പിക്കുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസം കർത്താവിന്റെ അത്ഭുതങ്ങളിൽ അടിസ്ഥാനപ്പെടുത്തിയല്ല; പ്രത്യുത ദൈവത്തിന്റെ, ദൈവ വെളിപ്പെടുത്തലിന്റെ, വി. വേദപുസ്തക സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് സഭ രൂപപ്പെടുത്തിയിട്ടുള്ളത്. ദൈവസ്നേഹത്തിൽ ശരണപ്പെടുക. ക്രിസ്തുമസ് നമുക്ക് നൽകുന്ന വലിയ സന്ദേശം ഇതാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു." (യോഹ. 3:16)

❑

അഭിമുഖം

# ദൈവസ്നേഹം പങ്കുവെയ്ക്കുക: മാത്യൂസ് മാർ തേവോദോസ്യോസ്

**പരിശുദ്ധ സഭയുടെ അഭിനവ മെത്രാപ്പോലീത്താ എന്ന നിലയിൽ സഭയെപ്പറ്റി അങ്ങയുടെ സ്വപ്നം?**

നമ്മുടെ സഭ ദൈവത്തെ നോക്കി, സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടന സംഘമാണ്. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനതയാണ് പരിശുദ്ധ സഭ. ആ സഭയ്ക്ക് ഈ ലോകത്തിൽ ഒരേ ഒരു ധർമ്മം മാത്രമേ ചെയ്യുവാനുള്ളൂ; സർവ്വലോകത്തേയും ദൈവരാജ്യത്തിലേക്ക് നയിക്കുക. ഈ ഒരു സാക്ഷാത്കാരം 21-ാം നൂറ്റാണ്ടിലും പൂർണ്ണമായി നിറവേറ്റപ്പെടണം എന്നുള്ളതാണ് പരിശുദ്ധ സഭയെപ്പറ്റി ഉള്ള എന്റെ വിലയിരുത്തൽ. സഭയുടെ ദൗത്യവും അതുതന്നെ ആയിരിക്കണം.

**യുവജനങ്ങളെപ്പറ്റി അങ്ങയുടെ കാഴ്ചപ്പാട്?**

യുവജനങ്ങൾ ഏതൊരു സഭയിലും പ്രസ്ഥാനത്തിലും അതിന്റെ നെടുംതൂണുകൾ ആണ്. പ്രത്യേകിച്ചും മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം നാളെയുടെ ഭാഗധേയം നിർണ്ണയിക്കുന്നത് തീർച്ചയായിട്ടും സഭയിലെ പ്രിയപ്പെട്ട യുവ സഹോദരങ്ങൾ ആണ്. കുടുംബത്തിനും സമൂഹത്തിനും സഭയ്ക്കും യുവജനശക്തി ഭൗതികമായ ശക്തിയല്ല. ആത്മനിറവുള്ള യുവജനങ്ങളാണ് ഈ സഭയുടെ നേതൃത്വത്തിലേക്ക് വരേണ്ടത്. തീർച്ചയായിട്ടും യുവജനങ്ങളെ വൈദികരും മെത്രാപ്പോലീത്താമാരും പ്രാർത്ഥനാപൂർവ്വം പ്രോത്സാഹിപ്പിക്കുകയും അവരെ സഭയുടെ മുഖ്യധാരയിലേക്കു കൊണ്ടുവരികയും ചെയ്യണം.

**തിരുമേനിയുടെ യൗവനകാലത്തിൽ സഭയെപ്പറ്റിയുണ്ടായിരുന്ന സ്വപ്നങ്ങൾ എത്രമാത്രം നിവൃത്തിയായി?**

21-ാം നൂറ്റാണ്ടിലെ മലങ്കര ഓർത്തഡോക്സ് സഭയെക്കുറിച്ച് യുവജനങ്ങൾക്കുള്ള സ്വപ്നംപോലെ തന്നെ ബലഹീനനായ എനിക്കും സ്വപ്നം ഉണ്ട്. അത് മറ്റൊന്നുമല്ല, സഭ ലോകത്തെ രക്ഷപ്പെടുത്തുവാൻ ഉള്ള ദൈവത്തിന്റെ ശരീരമാണ്. ഈ ലോകത്തെ രൂപാന്തരപ്പെടുത്തുക എന്ന് പറയുമ്പോൾ യുവജനങ്ങൾ ആദ്യമേ രൂപാന്തരപ്പെടണം. "Only a converted man can convert others" എന്ന് ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്. രൂപാന്തരം പ്രാപിച്ച ഒരു മനുഷ്യന് മാത്രമേ മറ്റുള്ളവരെ രൂപാന്തരപ്പെടുത്തുവാൻ സാധ്യമാവുകയുള്ളൂ. അങ്ങനെ വരുമ്പോൾ സഭാമക്കളായ നാം എല്ലാവരും ഒരുമിച്ച് ചിന്തിച്ചു പ്രവർത്തിക്കേണ്ടതാണ്. രൂപാന്തരം ആദ്യമേ ഉണ്ടാകേണ്ടത് അവനവനിലാണ്. എന്നിൽ രൂപാന്തരം ഉണ്ടായാൽ മറ്റുള്ളവരെ രൂപാന്തരപ്പെടുത്തുവാൻ സാധിക്കും. പരിശുദ്ധ സഭ ലോകത്തെ ദൈവത്തിന് അനുരൂപമാക്കുന്ന ദൈവത്തിന്റെ ശരീരം (ക്രിസ്തുയേശുവിന്റെ ശരീരമാണ്) യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ കൊച്ചുകൊച്ചു അവയവങ്ങൾ ആകുന്ന നമ്മൾക്ക് തലയാകുന്ന ക്രിസ്തുവോളം വളരുവാൻ തക്കവണ്ണം എല്ലാവർക്കും രൂപാന്തരം ഉണ്ടാവണം. ഇതാണെന്റെ സ്വപ്നം. പക്ഷേ ബലഹീനനായ ഞാൻ ഉൾപ്പെടെയുള്ള സഭാനേതൃത്വവും നമ്മുടെ വൈദികരും അതുപോലെ തന്നെ അൽമായരും ഒരുപോലെ ഈ രൂപാന്തരത്തെ ഹൃദയത്തോട് ചേർത്ത് വച്ചുകൊണ്ടുപോകുവാൻ മനസ്സ് വെയ്ക്കണം. അത് പൂർണ്ണമായും സാദ്ധ്യമായിട്ടില്ല. ആയതിലേക്ക് വളരണം എന്നാണ് എന്റെ സ്വപ്നം.

**മറ്റ് ക്രിസ്തീയ സഭകളുടെ കീഴിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അവരുടെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകുന്നുണ്ട്. എന്തുകൊണ്ട് നമ്മുടെ സഭയിൽ ഇത് പ്രാവർത്തികമാകുന്നില്ല?**

അത് തെറ്റായ ഒരു ധാരണയാണ്. മറ്റു സഭകളിലെ ആളുകളോട് ചോദിക്കുമ്പോൾ അവരു പറയും, അവരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടുന്നില്ല, മറ്റ് ക്രിസ്തീയ വിഭാഗങ്ങളിൽ ഉള്ളവർക്കും മറ്റ് മതങ്ങളിൽ ഉള്ളവർക്കും ആണ് കൂടുതൽ കരുതൽ കൊടുക്കുന്നതെന്ന്. എനിക്ക് പറയാനുള്ളത് ഇന്ന് സഭയുടെ നേതൃത്വം ഈ പരാതി മനസ്സിലാക്കിക്കൊണ്ടു തന്നെ പരമാവധി നമ്മുടെ കുഞ്ഞുങ്ങൾക്ക് അഡ്മിഷൻ കൊടുക്കുന്നുണ്ട്. മാനേജ്മെന്റ് കോട്ടയിൽ ഓപ്പൺ മെറിറ്റിലേ നമുക്ക് അഡ്മിഷൻ കൊടുക്കുവാൻ സാധ്യമാകൂ. മാനേജ്മെന്റ് കോട്ട ഓരോന്നിലും നിജപ്പെടുത്തിയിട്ടുണ്ട്. നമ്മൾ ആ പരിധിയിൽ തന്നെ ഒതുങ്ങിനിന്നുകൊണ്ടാണ് മുന്നേറുന്നത്. അല്ലാതെ ഒരു വേർകൃത്യമില്ല. പക്ഷേ, നമ്മുടെ കുഞ്ഞുങ്ങൾക്ക് എല്ലാവർക്കും അവർ ആഗ്രഹിക്കുന്ന സ്ഥാപനത്തിൽ അഡ്മിഷൻ കിട്ടി എന്നു വരികയില്ല. എന്നാൽ നമ്മുടെയല്ലാത്ത സ്ഥാപനങ്ങളിലും നമ്മുടെ കുഞ്ഞുങ്ങൾ മിടുക്കരായി പഠിക്കുന്നുണ്ട്. മാനേജ്മെന്റ് കോട്ടയിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് നിയോഗിക്കപ്പെട്ട പെർസന്റേജ് ഓഫ് സീറ്റ് മാറ്റിവെച്ചിട്ടുണ്ട്; കൊടുക്കുകയും ചെയ്യുന്നുണ്ട്.

**മാനേജ്മെന്റ് കോട്ടയിൽ നമ്മുടെ സഭയിലെ കുട്ടികളുടെ കൈയിൽ നിന്നും ഭീമമായ തുക ഡോണേഷനായി വാങ്ങുന്നു എന്ന് ഒരു ആക്ഷേപമുണ്ട് ഇതിനോട് തിരുമേനി എങ്ങനെ പ്രതികരിക്കുന്നു.?**

എല്ലാ സഭാവിഭാഗത്തിന്റെയും മാനേജ്മെന്റ് കോട്ടയിൽ അവരവർക്ക് ഇഷ്ടമായ ഒരു തുക ഡോണേഷനായി വാങ്ങുന്നു (ഡോണേഷൻ എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല). മാനേജ്മെന്റിന്റെ കാര്യങ്ങൾക്കായി വിനിയോഗിക്കാനായി വാങ്ങാം. അത് ഗവൺമെന്റ് പോലും അനുവദിച്ചിട്ടുണ്ട്. മാനേജ്മെന്റ് കോട്ടയിൽ മാനേജർക്ക് (മാനേജ്മെന്റിന്) ഇഷ്ടപ്പെട്ട തുക വാങ്ങാം എന്ന് നിശ്ചയിച്ചിട്ടുണ്ട്. നമ്മൾ വാങ്ങുന്നത് കൂടുതൽ ആണ് എന്ന് ബന്ധപ്പെട്ട ഔദ്യോഗിക സമിതിയിൽ സഭാമക്കളുടെ പരാതി കിട്ടുന്നത് അനുസരിച്ച് ഭീമമായ ഒരു തുക വാങ്ങാതെ ലഘുവായി അതൊന്ന് ലഘൂകരിച്ചിട്ട് റീസണബിളായ, ആരെയും വിഷമിപ്പിക്കാത്ത രീതിയിൽ ഒരു തുക വാങ്ങുന്നതിൽ അപാകതയില്ല. സാധുക്കളായ, വിദ്യാഭ്യാസപരമായി വളരെ മുൻപന്തിയിൽ നിൽക്കുന്ന, കഴിവുകളുള്ള, സാമ്പത്തികം കുറഞ്ഞ നമ്മുടെ കുഞ്ഞുങ്ങളെ അറിഞ്ഞുകൊണ്ട് സഹായിക്കുവാൻ ഒരു പക്ഷേ ഡോണേഷൻ തുക കുറച്ചു വാങ്ങിക്കാം. അങ്ങനെ ചെയ്യുന്നുമുണ്ട്. ഇല്ല എന്ന് പറയുവാൻ ഒക്കില്ല.

**നവീകരണ പ്രസ്ഥാനത്തിലേക്ക് പോകുന്ന നമ്മുടെ വിശ്വാസികളെ തിരിച്ചു കൊണ്ടുവരുവാൻ വേണ്ടി നമ്മുടെ സഭ എന്തുചെയ്യുന്നു?**

ഇന്നു അനേകം നവീകരണ പ്രസ്ഥാനങ്ങൾ അവിടവിടെയായി തലപൊക്കുന്നുണ്ട്. അവരൊക്കെ നമ്മുടെ ആളുകളെ എന്നല്ല, മറ്റുള്ള ആളുകളേയും അവരിലേക്ക് ആകർഷിക്കുന്നത് ചില വാഗ്ദാനങ്ങൾ കൊടുത്തുകൊണ്ടാണ്. പരിശുദ്ധ സഭ അതിന്റെ വിശ്വാസത്തിലും അതിന്റെ പാരമ്പര്യത്തിലും പൈതൃകത്തിലുമൊക്കെ ഉറച്ചുനിൽക്കുന്നു. നവീകരണ പ്രസ്ഥാനങ്ങളൊക്കെ വെറും പ്രസ്ഥാനങ്ങൾ ആണ്; മാനുഷികമായി മനുഷ്യർ ഉണ്ടാക്കുന്ന പ്രസ്ഥാനങ്ങളാണ്. നമ്മുടെ സഭ യേശുക്രിസ്തുവിനാൽ സ്ഥാപിതമാണ്. ഇപ്പോൾ രോഗശാന്തിവരം എന്നൊക്കെ പറഞ്ഞ് ആളുകളെ ആകെ ഇളക്കി ആയതിലേക്ക് ആകർഷിക്കുന്നുണ്ട്. അതുപോലും സാമ്പത്തികമാകുന്ന നേട്ടങ്ങളുടെ പിന്നാലെ ഉള്ള പരക്കം പാച്ചിലായിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ട് അത് ദൈവികമല്ല; അത് മാനുഷികമാണ്. അത് അധികം നിലനിൽക്കുകയില്ല. നമ്മുടെ ആളുകൾ സാമ്പത്തികമായി ചില ഓഫർ കിട്ടുമ്പോൾ, അല്ലെങ്കിൽ വികാരപരമായ ചില അനുഭവങ്ങൾ അവിടെ കാണുമ്പോൾ, നല്ലത് എന്ന് കണ്ട് പോകുന്ന പ്രവണത ശരിയല്ല. ഉറച്ച ഒരു സഭാവിശ്വാസി ഈ വിശ്വാസം വിട്ട് എങ്ങും പോകുകയില്ല എന്നാണ് എന്റെ അഭിപ്രായം.

**നവീകരണ പ്രസ്ഥാനത്തിലേക്ക് പോകുന്ന ആളുകളെ തിരിച്ചുകൊണ്ടുവരുവാൻ നമ്മുടെ പുരോഹിതന്മാർ യാതൊരു പരിശ്രമവും ചെയ്യുന്നില്ല എന്നൊരു ആക്ഷേപം ഉണ്ട്. ഇതിനെപ്പറ്റി തിരുമേനിയുടെ അഭിപ്രായം?**


നമ്മുടെ ഇടവകയിൽ നിന്ന് ഒക്കെ നവീകരണ പ്രസ്ഥാനത്തിലേക്ക് കുടുംബമായും വ്യക്തികളായും പോകുന്നുണ്ട്. അതിനെ തടഞ്ഞുനിർത്തുവാൻ ഏറ്റം അധികം ബാദ്ധ്യത ആ ഇടവകയിലെ പട്ടക്കാരനാണ്. ഞാൻ അത് സമ്മതിക്കുന്നു. ഭവന സന്ദർശനവും രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും വേദനിക്കുന്നവരുടെ വേദന അറിഞ്ഞ് ഇടവകയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ അവരെ സഹായിക്കുന്നതും ഒക്കെ വൈദികർ ത്വരിതപ്പെടുത്തേണ്ടതുണ്ട്. എല്ലാ വൈദികരിലും അവരുടെ വിളിയെക്കുറിച്ചുള്ള ചിന്ത ഉണ്ടെങ്കിലും അറിഞ്ഞോ അറിയാതെയോ ഒക്കെയും ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടാകുന്നുണ്ട്. തീർച്ചയായിട്ടും മെത്രാപ്പോലീത്താമാരും വൈദികരും സഭാനേതൃത്വവും ഒക്കെ തന്നെ നമ്മുടെ ഈ മേഖല മനസ്സിലാക്കി, നമ്മുടെ ആളുകൾ പൊഴിഞ്ഞുപോകുന്ന ഒരു പ്രവണത ഉണ്ടാവുമ്പോൾ, ആ ഭവനത്തിലേക്ക് കടന്നു ചെല്ലുകയും, അവിടെ ഒരുമിച്ച് നമ്മുടെ ഭവനങ്ങളുടെ ഒരു കൂട്ടായ്മ ഉണ്ടാകുകയും പ്രാർത്ഥനായോഗവും വിശ്വാസം പഠിപ്പിക്കലും ഒക്കെ അവിടെ നടത്തുകയും ചെയ്യുവാൻ വൈദികർ ബാധ്യസ്ഥരാണ്. അത് ചെയ്യണം എന്നാണ് എന്റെ പക്ഷം.

**തൊഴിൽരഹിതരായ അനേകം യുവാക്കൾ ഇന്ന് നമ്മുടെ സഭയിൽ ഉണ്ട്. ഇതിന് ഒരു പരിഹാരം കാണാൻ നമ്മുടെ യുവജന പ്രസ്ഥാനത്തിനു കഴിയുമോ?**

ഗവൺമെന്റ് പോലും തൊഴിൽ രഹിതർക്ക് എല്ലാവർക്കും തന്നെ ജോലി വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ഒരു ഗവൺമെന്റിനും പൂർണ്ണമായി നമ്മുടെ ചെറുപ്പക്കാരായ ആളുകൾക്ക് ജോലി കൊടുക്കുവാൻ സാധിക്കുകയില്ല. പ്രത്യേകിച്ചും നമ്മുടെ കേരളത്തിൽ അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് ചെറുപ്പക്കാർ ജോലിയില്ലാതെ നിൽക്കുന്നു. അവർക്ക് ജോലി കൊടുക്കുവാൻ സർക്കാരിന് സാധിക്കുന്നില്ല. സഭാമക്കളായ നമ്മുടെ യുവജനങ്ങൾക്ക് സഭയുടെ സമിതികളിലും പ്രസ്ഥാനങ്ങളിലും ജോലി ലഭിക്കാവുന്ന മേഖലകളിലൊക്കെ ജോലി കൊടുത്ത് തൃപ്തരാക്കുവാൻ സാധിക്കുന്നില്ല. മുൻഗണന അനുസരിച്ച് സഭയുടെ എല്ലാ മേഖലകളിലും നമ്മുടെ കുഞ്ഞുങ്ങൾക്ക് ജോലി ലഭിക്കണമെന്ന് സഭാനേതൃത്വം വളരെ അധികം ആഗ്രഹിക്കുന്നുണ്ട്. പരമാവധി ശ്രമിക്കുന്നുണ്ട്. കൂട്ടായ പ്രയത്നവും കൂട്ടായിട്ടുള്ള പരിശ്രമവും ഇതിന്റെ പിന്നിൽ ഉണ്ടെങ്കിൽ കുറച്ചുകൂടി തൊഴിൽരഹിതരുടെ എണ്ണം സഭയിൽ നമുക്ക് കുറയ്ക്കുവാനായിട്ട് സാധിക്കും.

**നവീകരണ പ്രസ്ഥാനങ്ങൾക്ക് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന നമ്മുടെ യുവതീയുവാക്കൾ അവരുടെ വിശ്വാസത്തിലേക്ക് വഴുതിമാറുന്ന ഒരു പ്രവണത ഇന്ന് നിലനിൽക്കുന്നു ഇതിനെതിരെ സഭ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്?**

ബാംഗ്ലൂരിലും മംഗലാപുരത്തും മദ്രാസിലും നമ്മുടെ കേരളത്തിന് പുറത്തും അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നമ്മുടെ യുവതീയുവാക്കൾ ധാരാളമായി പഠിക്കുന്ന കാലഘട്ടമാണ് ഇത്. പരിശുദ്ധ സഭ, വിദ്യാർത്ഥിപ്രസ്ഥാനം വഴിയായി ഇതിനെതിരെ പ്രവർത്തിക്കുന്നുണ്ട്. ഈ ഒരു അപകടം മനസ്സിലാക്കി ബാംഗ്ലൂരിലും മംഗലാപുരത്തും കേരളത്തിന് പുറത്തുള്ള പല കേന്ദ്രങ്ങളിലും ഞായറാഴ്ചകളിൽ വി. കുർബ്ബാന അർപ്പിക്കുന്നുണ്ട്. പള്ളികളിൽ പോകുവാൻ നിവർത്തിയില്ലാത്ത നമ്മുടെ കുട്ടികൾക്ക് നമ്മുടെ ആരാധനയിൽ അങ്ങനെ പങ്കെടുക്കുവാൻ സാധിക്കുന്നു. കൂടാതെ നമ്മുടേതായ ഒരു പ്രാർത്ഥന കൂട്ടായ്മ, അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തന്നെ ഞായറാഴ്ചകളിൽ കൂടുവാൻ സാധിക്കുന്നിടത്ത് കൂടുന്നുണ്ട്. ഇന്ന് ബാംഗ്ലൂരിലെ മംഗലാപുരത്ത്, അതുപോലെ ഉള്ള കേന്ദ്രങ്ങളിൽ എല്ലാം നമ്മുടെ പള്ളികൾക്ക് ചാപ്പലുകൾ സ്ഥാപിച്ചിട്ടുണ്ട്. എം. ജി. ഒ. സി. എസ്. എം. മിലൂടെ യുവജനപ്രസ്ഥാനത്തിലൂടെ ഈ ഒരുപോക്കിനെ തടയുവാൻ സാധിക്കും. സഭാനേതൃത്വം അത് ചിന്തിച്ചിട്ടുണ്ട്. ആ വഴിക്ക് മുൻപോട്ട് ഒത്തിരി പോയിട്ടുണ്ട്. നമ്മൾ കൂട്ടായി പ്രവർത്തിച്ചാൽ ഇങ്ങനെയുള്ള അപകടം ഒഴിവാക്കുവാൻ സാധിക്കുമെന്നാണ് എന്റെ പക്ഷം.



**സഭാ പ്രശ്നത്തെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ്?**

ക്രിസ്തുയേശുവിന്റെ ശരീരമാകുന്ന സഭ ഒന്നു മാത്രമേ ഉള്ളൂ. പ്രാദേശിക സഭകൾ ക്രിസ്തുവിന് ശേഷമുള്ള നൂറ്റാണ്ടുകളിൽ രൂപം കൊണ്ടിട്ടുണ്ടെങ്കിലും അവ തമ്മിൽ പോരാട്ടമോ, പ്രശ്നങ്ങളോ ഉണ്ടായിരുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിലും അതിന് മുമ്പത്തെ നൂറ്റാണ്ടിലും ഒക്കെ നമ്മുടെ സഭയിൽ രൂപംകൊണ്ടിട്ടുള്ള സഭാതർക്കം ഇന്നും ഒരു കീറാമുട്ടിയായി നമ്മുടെ ഇടയിൽ ഉയരുന്നു. തീർച്ചയായിട്ടും ദൈവസ്നേഹം പങ്കുവെയ്ക്കുന്ന സമൂഹം എന്നുള്ള നിലയിൽ ഭിന്നിച്ച് നിൽക്കുന്നവരും ദൈവസ്നേഹത്തിൽ ഒന്നായി തീരുവാൻ വേണ്ട പരസ്പര ബഹുമാനത്തോടെ പ്രവർത്തിക്കണം. പരിശുദ്ധ സഭയുടെ അഖണ്ഡത കാത്തുസൂക്ഷിക്കണം. നമ്മുടെ സഭ കാതോലിക്കേറ്റിന്റെ ആ വലിയ ശക്തിയും പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനവും ഒക്കെ ഉയർത്തിപിടിക്കുന്നത് ഇതിന്റെ വെളിച്ചത്തിൽ ആണ്. നമുക്ക് ആരോടും പകയില്ല. പക്ഷേ, ദൈവം നമുക്ക് നൽകി അനുഗ്രഹിച്ചിട്ടുള്ള സഭയുടെ സ്വാതന്ത്ര്യത്തേയും സഭയുടെ സ്വത്തുക്കളേയും അനധികൃതമായി കയ്യേറ്റം ചെയ്യുന്ന ഒരു പ്രവണതയാണ് മറുപക്ഷത്ത് നിന്ന് ഉണ്ടാകുന്നത്. അത് ദൈവികമല്ല. നമുക്ക് ദൈവികമായി ക്ഷമയോടെ ഈ പ്രശ്നങ്ങളെ പരിഹരിക്കുവാൻ മുൻപോട്ട് പോകുവാൻ സാധിക്കും എന്നാണ് എന്റെ പക്ഷം. ബഹുമാനപ്പെട്ട കോടതികളിലും പ്രത്യേകിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വരെ സഭയുടെ കേസുകൾ എത്തിക്കഴിഞ്ഞിരിക്കുന്ന വേളയിൽ രമ്യമായി പരിഹരിച്ച് പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ പരസ്പരം വിട്ടുവീഴ്ചാ മനോഭാവത്തോടെ ഈ പ്രശ്നങ്ങളെ പരിഹരിക്കുവാനായി എല്ലാവരും ഒരുപോലെ മനസ്സാകണം എന്നാണ് എന്റെ പക്ഷം.

**സഭ എന്നെങ്കിലും യോജിക്കുമെന്നു തിരുമേനി പ്രതീക്ഷിക്കുന്നുണ്ടോ?**

ഒരു ആട്ടിൻകൂട്ടവും ഒരു സഭയും എന്നുള്ളത് ക്രിസ്തുയേശുവിന്റെ വലിയ ആഗ്രഹമാണ്. മനുഷ്യൻ മനുഷ്യനായി മാറി ദൈവീകനാവാതെ മാനുഷികമായി ചിന്തിക്കുകയും മാനുഷികമായി വികാര വിചാരങ്ങൾക്ക് അടിമപ്പെടുകയും ചെയ്യുന്ന ഒരു ലോകത്തിലാണ് ഇന്ന് സഭ ജീവിക്കുന്നത്. അതുകൊണ്ട് തന്നെ

# ദൈവസ്നേഹം പങ്കുവെയ്ക്കുന്ന സമൂഹമാകുക...

എന്റെ പ്രതീക്ഷ, എന്നോട് ചോദിച്ച ചോദ്യത്തിന്റെ ഉത്തരം എന്നെങ്കിലും സഭയിലെ പ്രശ്നങ്ങൾ അവസാനിച്ച് ഒന്നായിത്തീരുമോ എന്നുള്ളത് ഒരു സ്വപ്നം എന്നു ഞാൻ പറയുന്നില്ല; സാധിക്കും. ശുഭാപ്തി വിശ്വാസം എന്നിൽ ഉണ്ട്. ദൈവസ്നേഹം അവിടെയും പങ്കുവെയ്ക്കണം എന്നുള്ളതാണ് എന്റെ അഭിപ്രായം.

**മലങ്കര റീത്തിന്റെ ഇപ്പോഴത്തെ സമീപനം നമ്മുടെ സഭയ്ക്ക് ഭീഷണിയാണോ?**

നമ്മുടെ സഭയ്ക്ക് ഭീഷണിയാണോ എന്ന് ചോദിക്കുമ്പോൾ, നമ്മളെ വളരെയധികം ദ്രോഹിക്കുന്ന ഒരു പ്രസ്ഥാനമാണ് മലങ്കര റീത്ത്. ബഥനി സന്യാസ സമൂഹം മലങ്കര ഓർത്തഡോക്സ് സഭയിലാണ് ഉണ്ടായിട്ടുള്ളത്. അത് വളരെ വ്യക്തമാണ്. ചരിത്രത്തെ വളച്ച് ഒടിക്കുവാൻ, സത്യത്തെ കുഴിച്ച് മൂടുവാൻ ആർക്കും സാധ്യമല്ല. ഞാൻ ഉൾപ്പെടുന്ന സന്യാസ സമൂഹം ആകുന്ന മലങ്കര ഓർത്തഡോക്സ് സഭയിലെ 1918-ൽ സ്ഥാപിതമായ ബഥനി സന്യാസ സമൂഹം (റാന്നി-പെരുന്നാട്) സ്ഥാപിച്ചത് ഫാ. പി. റ്റി. ഗീവർഗീസും (പിന്നീട് മലങ്കര റീത്തിന്റെ ഉപജ്ഞാതാവും സ്ഥാപകനുമായി പുകഴ്ത്തപ്പെടുന്ന ആർച്ച് ബിഷപ്പ് ഈവാനിയോസ്) നിരണത്ത് മട്ടയ്ക്കൽ അലക്സിയോസ് ശെമ്മാശനും (പെരുന്നാട്ടിൽ ബഥനി ആശ്രമത്തിൽ കബർ അടങ്ങിയിരിക്കുന്ന നമ്മുടെ സഭയുടെ പ്രിയങ്കരനായ ഒരു പിതാവ്. പിന്നീട് അലക്സിയൂസ് മാർ തേവോദോസിയോസ്) ഒരുമിച്ചാണ്. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ അനുഗ്രഹ ആശിസ്സുകളോടെ ബഥനി സന്യാസ സമൂഹം മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ഥാപിതമായി. ഫാ. പി. റ്റി. ഗീവർഗ്ഗീസ് നമ്മുടെ സഭയിൽ ഒരു മെത്രാപ്പോലീത്ത ആകുകയും പിന്നീട് റോമൻ കത്തോലിക്കാ സഭയിലേയ്ക്ക് ചേരുകയുമാണ് ഉണ്ടായത്. ഇന്ന് മലങ്കര റീത്ത് ചരിത്രസത്യത്തിന്റെ വഴി വികലമാക്കി മലങ്കരസഭ റോമൻ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ടു എന്നു വരത്തക്കവണ്ണം ഉള്ള പ്രചാരണങ്ങളും അതുപോലെ തന്നെ ഉള്ള തെറ്റായ വഴികളും പ്രയോഗിച്ചാണ് നമ്മെ ദ്രോഹിക്കുന്നത്. നമ്മുടെ ആളുകളെ എല്ലാതലത്തിലും അങ്ങോട്ട് ആകർഷിക്കുവാനായിട്ട് പല കുറുക്കുവഴികളും പല ഗൂഢതന്ത്രങ്ങളും (ഞാൻ ആ വാക്ക് ഉപയോഗിക്കുകയാണ്) അവരുടെ സഭാനേതൃത്വം തന്നെ ഉപയോഗിച്ച് അവർ നമ്മുടെ ആളുകളെ അങ്ങോട്ട് വലിച്ച് ഇഴച്ചു കൊണ്ടുപോകുന്ന ഒരു രീതി അവലംബിച്ചിട്ടുണ്ട്. പക്ഷേ, അവരുടെ ഈ ഗൂഢതന്ത്രങ്ങൾക്ക് മുന്നിൽ ഒരു ചലനംപോലും നമ്മുടെ ആളുകളിൽ ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അവർ പുറമേ കാണുമ്പോൾ ചിരിക്കുകയും അകമെ നമ്മുടെ ആളുകളെ വശത്താക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു പ്രവണത നമുക്ക് ഭീഷണിയാണ്. അത് ശക്തമായിത്തന്നെ നമ്മുടെ സഭ നേരിടും; രണ്ട് പക്ഷമില്ല.

**യാക്കോബായ സഭയുടെ വളർച്ച നമ്മുടെ സഭയേക്കാളും ശക്തമാണ് എന്ന് ചില യുവാക്കൾ വിശ്വസിക്കുന്നു. അതിനെ കുറിച്ച് അങ്ങയുടെ അഭിപ്രായം?**

യാക്കോബായ സഭ എന്നറിയപ്പെടുന്ന വിഘടിത വിഭാഗം നമ്മുടെ സഭയുടെ ഭാഗമായിരുന്നു. ഇന്ന് ഒരു വിഘടിത കാതോലിക്കോസ് യാക്കോബായ സഭയിലുണ്ട്. ആ വിഘടിത കാതോലിക്കോസിന്റെ കൂടെ മെത്രാപ്പോലീത്താമാരുടെ വലിയ ഒരു കൂട്ടവും വൈദികരും അവരുടെ കുറച്ച് അനുയായികളും ഉണ്ട്. കുറച്ച് ആളുകളുണ്ട് എന്ന് നമുക്ക് തന്നെ തെളിവു സഹിതം പറയാവുന്നത് എറണാകുളം ജില്ലയിൽ മാത്രമാണ്. എറണാകുളം ജില്ലയിലാണ് അവർ ഭൂരിപക്ഷം ഉള്ളത്. മറ്റ് ജില്ലകളിലും കേരളത്തിനു വെളിയിലും യാക്കോബായ വിഭാഗക്കാർ വളരെ ചുരുക്കമാണ്. ചില മറ്റു ജില്ലകളിൽ അവർ അവരുടേതായ അധികാരം ഉറപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. തീർച്ചയായിട്ടും പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭയാണ് യഥാർത്ഥ സഭയെന്ന് ചരിത്രവും കാലവും തെളിയിച്ചു കഴിഞ്ഞു. വിഘടിത വിഭാഗം വളർന്നു എന്ന് നിങ്ങൾ പറയുമ്പോൾ അവരുടെ സഭാനേതൃത്വം, പ്രത്യേകിച്ച് അവരുടെ ശ്രേഷ്ഠ കാതോലിക്കാ നടത്തുന്ന പ്രസ്താവനകളിലും അദ്ദേഹത്തിന്റെ അധികാര ഭ്രാന്തിൽ അദ്ദേഹം നടത്തുന്ന കുത്സിത തന്ത്രങ്ങളും പേടികൊണ്ട് അവരുടെ ആളുകൾ സ്വയമേവ അംഗീകരിച്ച് ആ നേതൃത്വത്തെ അംഗീകരിക്കുവാൻ നിർബന്ധിതരാവുകയും അതിന്റെ വെളിച്ചത്തിൽ ഭൗതികമായി നമ്മെ കാണിപ്പിക്കത്തക്കവണ്ണം ഉള്ള പ്രസ്ഥാനങ്ങളും അതുപോലെ തന്നെ സ്ഥാപനങ്ങളുമൊക്കെ വളർന്നുകൊണ്ടിരിക്കുന്നു, പടർന്നുകൊണ്ടിരിക്കുന്നു എന്നുള്ള ഒരു കൊട്ടിഘോഷം നടത്തുന്നു എന്ന് മാത്രമേ ഉള്ളൂ. ആ വളർച്ച ശരിയായ രീതിയിലുള്ള വളർച്ചയാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല.

**യാക്കോബായ സഭ പുരാതനമായ ഒരു സഭയാണ് എന്ന് അവർ പ്രചരിപ്പിക്കുന്നു. ഇത് നമ്മുടെ വിശ്വാസികളിൽ സംശയം ഉണ്ടാകുകയും ചെയ്യുന്നു. ഈ സംശയം എങ്ങനെ മാറ്റുവാൻ സാധിക്കും?**

നമ്മുടെ സഭയുടെ ചരിത്രം പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ തുടങ്ങുന്നതാണ്. അതുകൊണ്ടാണല്ലോ യാക്കോബായ സഭ പത്രോസിന്റെ സിംഹാസനത്തെ (അന്ത്യോഖ്യാ പാരമ്പര്യത്തിൽ പത്രോസിന്റെ സിംഹാസനത്തെ) ഉയർത്തിപ്പിടിച്ചിട്ട് മാർത്തോമ്മാ ശ്ലീഹാ ഇവിടെ സഭ സ്ഥാപിച്ചിട്ടില്ല എന്നും മാർത്തോമ്മാശ്ലീഹാ ഒരു പട്ടക്കാരൻ പോലും അല്ലായിരുന്നു എന്നും വിഘടിത ഗ്രൂപ്പിന്റെ അന്ത്യോക്യാ പാത്രിയർക്കീസ് 203-ാം നമ്പർ കല്പന പുറപ്പെടുവിച്ചത്. ഈ സഭയിൽ വിള്ളലുണ്ടാക്കി അന്ത്യോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന പാത്രിയർക്കീസ് മലങ്കര ഓർത്തഡോക്സ് സഭയെ ഛിന്നഭിന്നമാക്കുവാൻ കാരണം ഭൗതികമാകുന്ന സമ്പത്ത് യാക്കോബായ സഭയിലൂടെയുള്ള ചില പ്രത്യേക സംഘങ്ങളിൽ നിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നു എന്നതിനാലാണ്. ആ ഒഴുക്ക് കൂടുതൽ വർദ്ധിക്കുവാൻ ഇവിടെ പിരിച്ചിലുകളും സംഘർഷങ്ങളും ഉണ്ടാക്കുക എന്ന തന്ത്രമാണ് അന്ത്യോഖ്യൻ പാത്രിയർക്കീസ് അവലംബിച്ചിരിക്കുന്നത്.

**യാക്കോബായ സഭയുടെ കീഴിലുള്ള കേഫാ എന്ന സംഘടന പിരിച്ചു വിട്ടു എന്ന് അവർ പറയുകയും എന്നാൽ ഇപ്പോഴും ഈ സംഘടന സുഗമമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ സഭ എങ്ങനെ ഈ സംഘടനയെ കാണുന്നു?**

കേഫാ എന്ന ഭീകര സംഘടന (ഞാൻ ആ വാക്കാണ് ഉപയോഗിക്കുന്നത്) മതമൗലികവാദവും തീവ്രവാദവും ഭീകരപ്രസ്ഥാനങ്ങളും രാജ്യാന്തര രംഗത്ത് പോലും ഭീഷണി ഉയർത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, നമുക്ക് മാത്രമല്ല, സമാധാന ജീവിതം ആഗ്രഹിക്കുന്ന സാധാരണക്കാരായ എല്ലാവർക്കും, മറ്റ് മതങ്ങളിലെ ആളുകൾക്ക് പോലും, ഭീഷണിയാവുകയാണ്. തീവ്രവാദത്തിൽ കൂടെ നമ്മുടെ ജനങ്ങളെ ഭയപ്പെടുത്തി, നമ്മുടെ പ്രസ്ഥാനങ്ങളെ ഉന്മൂലനം ചെയ്ത്, നമ്മുടെ സഭയെ തന്നെ നശിപ്പിക്കുവാനായിട്ട് കേഫായെ യാക്കോബായ സഭയുടെ നേതൃത്വം പാലൂട്ടി വളർത്തുകയാണ്. പൊതുജനങ്ങൾക്ക് മുമ്പിൽ, സാധാരണക്കാരായ ജനങ്ങൾക്ക് മുമ്പിൽ ഈ സംഘടന നിരോധിച്ചു എന്നു പറയുന്നു. അതേസമയം നമ്മുടെ സഭയുടെ ഒരു രക്തസാക്ഷിയായിത്തീർന്ന പെരുമ്പാവൂർ മലങ്കര വർഗീസ് ചേട്ടന്റെ കൊലപാതകത്തിന്റെ മുമ്പിൽ ഈ കേഫാ എന്ന സംഘടനയാണ്. അത് സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം നടക്കുന്നുണ്ട്. ഒരു ഭീകര പ്രസ്ഥാനം സഭയുടേതാകുന്നതെങ്ങനെ? സഭയ്ക്ക് അത് യോജിച്ചതാണോ? അപ്പോൾ അതിന്റെ അർത്ഥമെന്താണ്? യാക്കോബായ സഭ കേഫാ സംഘടനയെ വളർത്തുന്നതിലൂടെ അതൊരു ഭീകരപ്രസ്ഥാനമായിട്ട് മാറുകയാണെന്നാണ് എന്റെ അഭിപ്രായം.

**കഴിഞ്ഞ വർഷം സഭയുടെ നേതൃത്വത്തിൽ കോട്ടയത്ത് നടന്ന മഹാസമ്മേളനത്തിന് ശേഷം ഒരു പ്രത്യാഘാതം എന്നോണം അമയന്നൂർ വടക്കൻമണ്ണൂർ ഓർത്തഡോക്സ് പള്ളിയുടെ കുരിശടി തകർത്തു. യാക്കോബായ സഭയുടെ ഇത്തരത്തിലുള്ള സമീപനത്തിനെതിരെ നമ്മുടെ സഭ എന്ത് നടപടിയാണ് സ്വീകരിച്ചത്?**

നമ്മുടെ സഭ അക്രമത്തിൽ വിശ്വസിക്കുന്നില്ല. നമ്മുടെ ജനങ്ങളെ അക്രമം ചെയ്യാൻ സഭ പ്രേരിപ്പിക്കുന്നില്ല. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു മഹാസമ്മേളനം കോട്ടയത്ത് വരേണ്ടത് ആവശ്യമായിരുന്നു. അതിന്റെ പ്രത്യാഘാതമാണ് അമയന്നൂർ വടക്കൻമണ്ണൂർ പള്ളിയുടെ കുരിശുംതൊട്ടി തകർത്തതിന്റെ പിന്നിൽ. നമ്മൾ അക്രമത്തിൽ വിശ്വസിക്കുന്നില്ല. സ്നേഹത്തിന്റെ ആത്മാവിലൂടെ സത്യം സത്യമായി മാധ്യമങ്ങളിലൂടെ, ചാനലുകളിലൂടെ, പത്രങ്ങളിലൂടെ, ലോകത്തെ, പൊതുജനങ്ങളെ നമ്മുടെ ക്രോധവും അമർഷവും ഒക്കെ (ഈ കേഫാ സംഘടന മൂലം നമുക്ക് ഉണ്ടായിട്ടുള്ള നഷ്ടങ്ങളെ) നമ്മൾ പൊതുജനമദ്ധ്യേ വരച്ചു കാട്ടിയിട്ടുണ്ട്. പൊതുജനം അത് മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ട് കേഫാ സംഘടന പൊതുജനമധ്യത്തിൽ നിഷ്കാസിതരായി. അവരെ ആരുംതന്നെ അംഗീകരിക്കുന്നില്ല എന്ന് എനിക്ക് പറയുന്നതിൽ അഭിമാനം ഉണ്ട്. താനെ നിന്നുകൊള്ളും.



അഭിമുഖം നടത്തിയവർ തിരുമേനിയോടൊപ്പം. ഷിനു സ്കറിയ, ജോർജി പുന്നൻ, വിപിൻ ബാബു അനൂപ് തോമസ് അലക്സാണ്ടർ, ലിറ്റോ കെ. ജോയി, റോഷൻ വി. പി.,

**സഭയ്ക്ക് രാഷ്ട്രീയം ആവശ്യമാണോ?**

രാഷ്ട്രീയം എന്നത് വ്യക്തിയുടെ വ്യക്തിസ്വാതന്ത്ര്യമാണ്. സഭ രാഷ്ട്രീയത്തിൽ ഇടപെടുന്നില്ല. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെയും പ്രോത്സാഹിപ്പിക്കുന്നില്ല. പക്ഷേ, രാഷ്ട്രത്തിന്റെ മക്കൾ ഭാരതമണ്ണിന്റെ മക്കൾ എന്നുള്ള നിലയിൽ ഇന്ന് രാജ്യത്ത് ഗവൺമെന്റ് വാഴുന്നത് രാഷ്ട്രീയ പാർട്ടികളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെയാണ്. ഭരണരംഗം പിടിച്ച് പറ്റുവാൻ രാഷ്ട്രീയ പാർട്ടികൾ വെമ്പൽ കൊള്ളുമ്പോൾ ഈ രാജ്യത്തിലെ പൗരന്മാർ എന്നുള്ള നിലയിൽ സഭാംഗങ്ങൾ ഏതൊരു രാഷ്ട്രീയ പാർട്ടിയിലും രാഷ്ട്രീയ മീമാംസയിലും വിശ്വസിക്കുന്നതിന് സഭ വിലക്കുന്നില്ല. എന്നാൽ സഭ രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നില്ല. രാഷ്ട്രീയത്തിലൂടെ അല്ല നമ്മൾ വളരേണ്ടത് എന്ന് ജനങ്ങളെ പഠിപ്പിക്കുന്നു. മറിച്ച് ഈ രാഷ്ട്രത്തിലെ അംഗങ്ങൾ എന്നുള്ള നിലയിൽ രാഷ്ട്രീയ പാർട്ടിയിൽ അംഗങ്ങളായിരിക്കുന്ന ആളുകളെ എതിർക്കുന്നില്ല.

**തിരഞ്ഞെടുപ്പു വേളകളിൽ കെ. സി. വൈ. എം. വും മറ്റ് സംഘടനകളും നിർദ്ദേശിക്കുന്ന അഭിപ്രായങ്ങൾ രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കുന്നു. എന്നാൽ നമ്മുടെ സഭയുടെ അഭിപ്രായങ്ങൾ മാനിക്കപ്പെടുന്നില്ല എന്ന ആക്ഷേപം ശരിയാണോ? ഇതിനെപ്പറ്റിയുള്ള തിരുമേനിയുടെ അഭിപ്രായം?**

കെ. സി. വൈ. എം. പോലുള്ള സംഘടനകൾ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് നമുക്കില്ല. നമ്മുടെ സഭയ്ക്ക് ഒരു ശബ്ദമേ ഉള്ളൂ. അതുകൊണ്ട് തന്നെ നമുക്ക് ഒരു തോന്നൽ ഉണ്ടാവും, നമ്മൾ അംഗീകരിക്കപ്പെടുന്നില്ല എന്ന്. നമ്മുടെ ശബ്ദം അവിടെ വിലപ്പോകുന്നില്ല. പക്ഷേങ്കിൽ അത് ജനവിധിയിലൂടെയാണ് നമ്മൾ തെളിയിക്കുന്നത്. വോട്ടെടുപ്പിലൂടെ നമ്മുടെ ശബ്ദം മനസ്സിലാക്കുന്ന സഹോദരങ്ങൾ നമുക്കു ചുറ്റും ഉണ്ട്. കാലാകാലങ്ങളിൽ ഉചിതമായ തീരുമാനം എടുക്കുവാൻ നമ്മുടെ ശബ്ദത്തിന് സാധിച്ചിട്ടുണ്ട്. ആ ശബ്ദം നിശബ്ദമായിരിക്കാം. അത് ദൈവികമായി നമ്മുടെ തന്നെ ജനങ്ങളാൽ നിറവേറ്റപ്പെടുന്നു.

**തിരുമേനി നേരത്തെ പറഞ്ഞുവല്ലോ സഭയ്ക്ക് രാഷ്ട്രീയം ആവശ്യമില്ല എന്ന് പിന്നെ എന്തുകൊണ്ടാണ് കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സഭസ്ഥാനാർത്ഥികളെ നിർത്തുവാൻ തീരുമാനിക്കുകയും ചെയ്തത് സഭയുടെ ഒരു രാഷ്ട്രീയ കളിയല്ലായിരുന്നോ?**

അതിന്റെ ഉത്തരം വ്യക്തമായിട്ട് പറയാം. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ സഭയുടെ ഔദ്യോഗിക നേതൃത്വം അതായത് പരിശുദ്ധ ബാവാ തിരുമേനി തലവനായിരിക്കുന്ന നമ്മുടെ സഭയുടെ ഔദ്യോഗിക നേതൃത്വം ഔദ്യോഗികമായി അംഗീകരിച്ച് രൂപീകരിച്ചതല്ല നമ്മുടെ സ്ഥാനാർത്ഥികൾ. അതായത് മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പ്രത്യേകമായി ചില മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ നിർത്തുന്നു എന്നുള്ള പ്രഖ്യാപനവും അത് സംബന്ധിച്ച് പത്രങ്ങളിലും മാധ്യമങ്ങളിലും ഒക്കെ വന്ന വാർത്തകളും അത് സഭയുടെ ഔദ്യോഗിക നേതൃത്വം അംഗീകരിച്ചതല്ല എന്ന് അടിവരയിട്ട് ഞാൻ ആദ്യമെ പറയുന്നു. നമ്മുടെ സഭയിലെ തന്നെ യുവനേതൃത്വത്തിന് വികാരപരമായി ഉണ്ടായ ഒരു എതിർപ്പ് കോൺഗ്രസിനോടും ഭരണകക്ഷികളോടും ഒക്കെ ഉണ്ടായ ഒരു എതിർപ്പ് ചില അൽമായ നേതാക്കൾ സഭയുടെ തീരുമാനമായിട്ട് അതിനെ കാണിക്കുകയാണ് ചെയ്തത്. അത് എനിക്ക് സത്യമായിട്ടും അറിയാം. അതുകൊണ്ട് സഭ അതിനെ പ്രോത്സാഹിപ്പിച്ചിട്ടില്ല. ഒരു രാഷ്ട്രീയ പാർട്ടിയിലും സഭ വിശ്വസിക്കുന്നില്ല. അത് യുവനേതൃത്വത്തിലെ ചില ആളുകൾ (സഭയുടെ ഔദ്യോഗിക രംഗങ്ങളിൽ തന്നെ ഉള്ള ചില ആളുകൾ) അതിനെ പ്രോത്സാഹിപ്പിച്ചതാണ്. സഭയുടെ നേതൃത്വം പരിശുദ്ധ ബാവാ തിരുമേനിയോ മറ്റ് തിരുമേനിമാരോ പരിശുദ്ധ സുന്നഹദോസോ അതിന് യാതൊരു അംഗീകാരവും നൽകിയിട്ടില്ല. അങ്ങനെ ഒരു രാഷ്ട്രീയ ഇടപെടൽ സഭ ആഗ്രഹിക്കുന്നുമില്ല.

**തൃക്കുന്നത്ത് സെമിനാരി യാക്കോബായ സഭയുടെതാണ് എന്നും തൃക്കുന്നത്ത് സെമിനാരി തിരിച്ച് പിടിക്കുവാനുള്ള രേഖകൾ ഉണ്ട് എന്നും പലപ്പോഴായി പറയുന്നു. ഇതിന് നമ്മുടെ സഭയ്ക്ക് എന്ത് അഭിപ്രായമാണ് ഉള്ളത്?**

തൃക്കുന്നത്ത് സെമിനാരി മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വത്താണ്. അവിടെ കാലാകാലങ്ങളിൽ, ആ സെമിനാരിയിൽ താമസിച്ച് പരിശുദ്ധ സഭയുടെ മേൽപട്ടക്കാരായിട്ട് പ്രവർത്തിച്ചവരാണ് അവിടെ കബർ അടങ്ങിയിരിക്കുന്ന മൂന്ന് പിതാക്കന്മാരും. വടക്കൻ പ്രദേശത്തു (പ്രത്യേകിച്ച് ആലുവാ എറണാകുളം അല്ലെങ്കിൽ കോലഞ്ചേരി ഭാഗങ്ങളിൽ) നിന്നുള്ള തിരുമേനിമാരാണ് കബർ അടങ്ങിയിരിക്കുന്നത് എന്നുള്ളതുകൊണ്ട് അവരുടെ

# ദൈവസ്നേഹം പങ്കുവെയ്ക്കുന്ന സമൂഹമാകുക...

പിതാക്കന്മാരാണ് അവർ എന്നും അതുകൊണ്ട് തൃക്കുന്നത്ത് സെമിനാരി ഞങ്ങളുടേതാണ് എന്നും പാത്രിയർക്കീസ് പക്ഷം ഇപ്പോഴും അവകാശവാദം ഉന്നയിക്കുന്നു. അവരുടെ കയ്യിൽ തൃക്കുന്നത്ത് സെമിനാരി ഞങ്ങളുടെ താണ് എന്ന് തെളിയിക്കുന്ന രേഖയുണ്ടെങ്കിൽ അത് കോടതിയിൽ ഹാജരാക്കാം. ബഹുമാന പ്പെട്ട കോടതിയിൽ അത് ഹാജരാക്കുവാൻ നമ്മൾ പറഞ്ഞിട്ടുണ്ട്. അവർ ഹാജരാക്കട്ടെ. തൃക്കുന്നത്ത് സെമിനാരി അവരുടേതാണ് എന്ന് തെളിയിക്കുന്ന രേഖ ബഹുമാനപ്പെട്ട ഹൈക്കോടതിയിലോ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലോ അവർ ഹാജരാക്കി തെളിയിക്കുന്നു എങ്കിൽ തീർച്ചയായിട്ടും കോടതിവിധി നമ്മൾ മാനിക്കും. മറിച്ച് നമ്മുടെ കൈയിൽ വർഷങ്ങളായിരിക്കുന്നതാണ് ഈ സ്വത്ത്. നമ്മുടെ സ്വന്തം വീട് വർഷങ്ങളായി നമ്മൾ ഉപയോഗിക്കുന്നു. വേറെ ഒരാൾ വന്ന് അവകാശപ്പെട്ടാൽ നമ്മൾ കൊടുക്കുമോ? കൊടുക്കില്ല. ഇത് ദൈവത്തിന്റെ സഭയാണ്. ദൈവത്തിന്റെ ദാനമാണ് അത്. ഈ വസ്തുക്കൾ സഭയുടേതാണ്. ആ അവകാശവും ആ സ്വാതന്ത്ര്യവും തീർച്ചയായിട്ടും ആ ഉടമസ്ഥാവകാശവും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഉള്ളതാണ്. യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ല. അവർ എന്ത് വീമ്പിളക്കിയാലും എന്ത് ഭീഷണി മുഴക്കിയാലും ഇതിനെ വിട്ടുകൊടുക്കുവാൻ മലങ്കര ഓർത്തഡോക്സ് സഭ തയ്യാറല്ല.

**യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷൻ പാത്രിയർക്കീസാണ്, അദ്ദേഹത്തിന് കീഴിൽ ഒരു കാതോലിക്കാ ഉണ്ട്. നമ്മുടെ സഭയുടെ പരമാദ്ധ്യാക്ഷന്റെ നാമം കാതോലിക്കാബാവാ എന്നാണ്. എന്നാൽ യാക്കോബായ സഭയുടെ ചട്ടപ്രകാരം പാത്രിയർക്കീസിന് കീഴിൽ വരുന്ന സ്ഥാനമാണ് കാതോലിക്കാ. നമ്മുടെ സഭയുടെ ചട്ടപ്രകാരം പാത്രിയർക്കീസ് സ്ഥാനത്തിന് തുല്യനാണ് കാതോലിക്കാബാവാ. യാക്കോബായ സഭയുടെ ഈ ഒരു പ്രവണത എത്രമാത്രം ശരിയാണ്?**

പൗരസ്ത്യ കാതോലിക്കാ ഒന്നേ ഉള്ളു. മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ അദ്ദേഹം വാണരുളുന്നു; പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമേനി. അദ്ദേഹം മാത്രമാണ് പൗരസ്ത്യ കാതോലിക്കാ. ലോകത്തിലെ എല്ലാ സഭകളും പൗരസ്ത്യ കാതോലിക്കാ എന്ന ആ വലിയ നാമധേയത്തെ, ആ കാതോലിക്കേറ്റിനെ അംഗീകരിച്ചിട്ടുള്ളതാണ്. അന്ത്യോഖ്യാ പാത്രിയർക്കീസ് കുൽസിത മാർഗങ്ങളിലൂടെ ഇന്നാട്ടിലെ പൗരസ്ത്യ കാതോലിക്കേറ്റിനെ ഉപദ്രവിച്ചിട്ട് ഇവിടെയുള്ള വൈദികരെയും ജനങ്ങളെയും യാക്കോബായ പക്ഷത്തേയ്ക്ക് ചേർക്കുവാൻ വേണ്ടി കണ്ടുപിടിച്ച തന്ത്രമാണ് ഇവിടെ ഒരു ബദൽ കാതോലിക്കോസിനെ വാഴിക്കുക എന്നുള്ളത്. പക്ഷേ, ലോകം അത് മനസ്സിലാക്കി. ഇന്ന് ആ കാതോലിക്കാ മാത്രമല്ല മലങ്കര റീതിലെ മാർ ക്ലീമീസിനെ കാതോലിക്കാ എന്ന് അവർ പറയുന്നുണ്ട്. അപ്പോൾ യഥാർത്ഥ കാതോലിക്കാ ആരെന്ന് ജനങ്ങളുടെ ഇടയിൽ സംശയം ജനിപ്പിക്കത്തക്കവണ്ണം ഉള്ള പ്രസ്താവനകളും രണ്ട് കൂട്ടരും (അതായത് പാത്രിയർക്കീസ് വിഭാഗവും മലങ്കര റീത്തും) ഉപയോഗിക്കുന്നുണ്ട്. സത്യമിതാണ്, അന്ത്യോഖ്യാ പാത്രിയർക്കീസിനു സമനായ പൗരസ്ത്യ കാതോലിക്കോസ് ഇവിടെ മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസ് ആണ്. അർമീനിയയിൽ കാതോലിക്കോസ് ഉണ്ട്. അദ്ദേഹം അവിടുത്തെ സഭയുടെ പരമാദ്ധ്യക്ഷനാണ്. ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ആറാണ്. ഇവയെയാണ് പൗരസ്ത്യ സഭകൾ എന്ന് വിശേഷിപ്പിക്കുന്നത്. നമ്മുടെ സഭ, ഈജിപ്ഷ്യൻ സഭ (കോപ്റ്റിക് ചർച്ച്), അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സിറിയൻ സഭ, അർമീനിയൻ സഭ (അർമേനിയൻ പാത്രിയർക്കീസിനെ കാതോലിക്കോസ് എന്നാണ് വിശേഷിപ്പിക്കുന്നത്), എത്യോപ്യൻ ഓർത്തഡോക്സ് സഭ (തലവൻ പാത്രിയർക്കീസ്), എറിട്രിയൻ സഭ എന്നിവയാണത്.

**ബഥനി സുപ്പീരിയർ എന്ന നിലയിൽ പ്രവർത്തിച്ച തിരുമേനി ബഥനി ആശ്രമത്തെ ഇനി എങ്ങനെയാണ് വളർത്തുവാൻ ആഗ്രഹിക്കുന്നത്?**

ബഥനി ആശ്രമത്തിന്റെ സുപ്പീരിയറായി പന്ത്രണ്ട് വർഷം ഞാൻ സ്ഥാനം വഹിച്ചിരുന്നു. ധാരാളം ചെറുപ്പക്കാർ നമ്മുടെ സഹോദരങ്ങൾ വന്നു എങ്കിൽ മാത്രമേ ബഥനി ആശ്രമം എന്നല്ല സഭയുടെ ഏതൊരു പ്രസ്ഥാനവും വളരുകയുള്ളു. ചെറുപ്പക്കാർ സഭയുടെ മുഖ്യധാരയിലേക്ക് വരണം. നിങ്ങളെപ്പോലെ സഭയെ സ്നേഹിക്കുന്ന, സഭയുടെ ആദ്ധ്യാത്മിക സംഘടനകൾ വളരണം എന്ന് ആഗ്രഹിക്കുന്ന, സന്യാസപ്രസ്ഥാനങ്ങൾ വളരണം എന്ന് ആഗ്രഹിക്കുന്ന ചെറുപ്പക്കാർ ദൈവവിളി ദൈവനിയോഗമായി കണ്ട് വരണം. എല്ലാവർക്കും വരാൻ സാധ്യമല്ല. നിങ്ങളുടെ സഹോദരങ്ങളിൽ നിന്ന് നല്ലവരായ ദൈവികരായ സഹോദരങ്ങളെ നിങ്ങൾ പ്രോത്സാഹിപ്പിച്ച് വിടണം. അങ്ങനെയെങ്കിൽ ബഥനി ആശ്രമം വളരും, ഏറെ വളരും. ഇത് എന്റെ പ്രതീക്ഷയാണ്. ബഥനി ആശ്രമം മാത്രമല്ല മറ്റ് ആശ്രമങ്ങളും നമ്മുടെ മഠങ്ങളും നമ്മുടെ ആദ്ധ്യാത്മിക സംഘടനകളും എല്ലാം വളരും. അതിലൂടെ സഭ വളരും; രണ്ട് പക്ഷമില്ല.

**സന്യാസജീവിതത്തിലേക്ക് വരാൻ തിരുമേനിക്ക് ഉണ്ടായ കാരണം അല്ലെങ്കിൽ തിരുമേനി സന്യാസ ജീവിതം ഇഷ്ടപ്പെടുവാനുണ്ടായ അനുഭവം വിശദീകരിക്കാമോ?**

എന്റെ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കന്മാർ പ്രാർത്ഥനാ ജീവിതത്തിൽ വളരെ നിഷ്കർഷ പുലർത്തിയിരുന്നു. അതുകൊണ്ട് തന്നെ കുടുംബത്തിലെ മൂത്ത മകനായ ഞാനും എന്റെ ഇളയ സഹോദരീസഹോദരന്മാരും (ഞങ്ങൾ അഞ്ച് പേരാണ്) എല്ലാം തന്നെ ചെറുപ്പം മുതൽ മാതാപിതാക്കളുടെ സ്നേഹവും അവരുടെ പ്രാർത്ഥനാ ജീവിതവും ഏറ്റുവാങ്ങിയവരാണ്. യു. പി. സ്കൂളിൽ പഠിക്കുമ്പോൾ എന്റെ പിതാവ് എന്റെ നേരെ അനുജനോടൊപ്പം വലിയ അവധിയ്ക്ക് എന്നെ നമ്മുടെ സഭയിലെ ആദ്യത്തെ ദയറാ പ്രസ്ഥാനമായ റാന്നി പെരുനാട് ബഥനി ആശ്രമത്തിൽ ഒരു മാസം താമസിക്കുവാനായിട്ട് കൊണ്ടുവിടുമായിരുന്നു. ബഥനി ആശ്രമത്തിലെ സന്യാസ പട്ടക്കാരുടെ ജീവിതം ചെറുബാലനായ എന്നെ ആകർഷിക്കുകയും എസ്. എസ്. എൽ. സി. പരീക്ഷ എഴുതി കഴിഞ്ഞതിന് ശേഷം ആശ്രമത്തിൽ ചേരുകയാണ് ഉണ്ടായത്. തീർച്ചയായിട്ടും ഇതിന്റെ എല്ലാം പിന്നിൽ ദൈവത്തിന്റെ വലിയ നിശ്ചയവും കരുണയും ഉണ്ട്. ദൈവത്തിന്റെ വിളിയായി ബഥനി ആശ്രമത്തിൽ ചേരണം എന്നുള്ള വലുതായ ആഗ്രഹം എന്റെ മനസ്സിൽ ഉണ്ടാവുകയും അങ്ങനെ ഞാൻ ബഥനി ആശ്രമത്തിൽ ചേരുകയുമാണ് ചെയ്തിട്ടുള്ളത്.

**സന്യാസ ജീവിതം തിരഞ്ഞെടുക്കുന്ന ആളുകളെ ഇന്ന് സമൂഹവും അവരുടെ കുടുംബാംഗങ്ങളും അതിൽനിന്ന് വഴുതി മാറ്റുവാൻ ശ്രമിക്കുന്നു. എന്തുകൊണ്ടാണ് ഈ പ്രവണത ഇന്ന് കാണുന്നത്?**

നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളോട് ചോദിക്കണം, നിങ്ങളെ പ്രാർത്ഥന പഠിപ്പിക്കുകയും വിശ്വാസത്തിലേക്ക് വളർത്തി വിടുകയും ചെയ്ത നിങ്ങളുടെ മാതാപിതാക്കളോട് ചോദിക്കണം, എന്തുകൊണ്ട് നിങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന്. നിങ്ങൾ തന്നെ ചോദിക്കണം. ഈ സഭയ്ക്ക് അനേകം സഭാനേതൃത്വത്തിൽ തിളങ്ങുന്ന മെത്രാപ്പോലീത്താമാരെയും വൈദികരെയും ലഭിച്ചു. അതുപോല സന്യാസിമാരെയും ലഭിച്ചു. എന്തുകൊണ്ട് ഒരു വീട്ടിൽ രണ്ടുമൂന്ന് സഹോദരീസഹോദരന്മാർ ഉണ്ടെങ്കിൽ അതിലൊരാളെ ദൈവത്തിന്റെ ശുശ്രൂഷയ്ക്ക് കൊടുക്കുവാൻ സാധിക്കുന്നില്ല എന്നത് ചിന്തിക്കേണ്ടതാണ്. അമ്മ തയ്യാറാവുന്നില്ല; അപ്പൻ തയ്യാറാവുന്നില്ല. അപ്പോൾ അവർ ചില പോരായ്മകളും സഭയെക്കുറിച്ചുള്ള കുറ്റങ്ങളും പറഞ്ഞു എന്നിരിക്കാം. നിങ്ങൾ സത്യം മനസ്സിലാക്കിയവരാണ്. അവരെ പറഞ്ഞ് മനസ്സിലാക്കണം എന്നാണ് എന്റെ പക്ഷം.

**ആധുനിക സമൂഹത്തിൽ വാർദ്ധക്യത്തിൽ ആകുന്ന മാതാപിതാക്കളെ അവഗണിക്കുന്ന ഒരു പ്രക്രിയ വളർന്നു വരികയാണ് ഇതിനോടുള്ള തിരുമേനിയുടെ കാഴ്ചപ്പാട്?**

വാർദ്ധക്യത്തിലാവുന്ന നമ്മുടെ വല്യപ്പച്ചന്മാർ വല്യമ്മച്ചിമാർ നമ്മുടെ മാതാപിതാക്കൾ അവരെ നോക്കേണ്ട ഉത്തരവാദിത്വം ആർക്കാണ് എന്ന് ഞാൻ നിങ്ങളോടും ചോദിക്കുകയാണ്. തീർച്ചയായിട്ടും അവരുടെ മക്കളും കൊച്ചുമക്കളുമൊക്കെയായ നമുക്കാണ്. നമ്മൾക്ക് ദൂരെ ജോലി ലഭിച്ചാൽ, സുഖസൗകര്യങ്ങൾ വർദ്ധിച്ചാൽ, അവരെ സുഖസൗകര്യങ്ങൾ കൊടുത്ത് മറ്റുള്ളവരെ ഏല്പിക്കുന്നത് ദൈവികമല്ല. സഭ അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. അതുകൊണ്ടാണ് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി 2009 ഒക്ടോബർ മാസത്തെ കുടുംബ ഭദ്രത മാസമായി പ്രഖ്യാപിച്ച് എല്ലാ കുടുംബങ്ങളേയും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ ആഹ്വാനം ചെയ്തത്. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കന്മാരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ഭാര്യാഭർതൃ ബന്ധങ്ങൾ, അമ്മായിഅപ്പൻ/അമ്മ മരുമക്കൾ ബന്ധങ്ങൾ ഇവ ദൈവസ്നേഹത്തിൽ ഊട്ടി ഉറപ്പിക്കാനായിയാണ് കുടുംബ ഭദ്രതാ മാസം പ്രഖ്യാപിച്ചത്. നമ്മുടെ സഭ അത് ഉയർത്തിപ്പിടിക്കണം. ഒരിക്കലും നമ്മുടെ യുവജനങ്ങൾ നമ്മുടെ പ്രായമായ മാതാപിതാക്കളെ മനസ്സ് കൊണ്ടു പോലും വേദനിപ്പിക്കാതെ നോക്കണം. അവരെ സംരക്ഷിക്കേണ്ട ചുമതല നമ്മുടെ കൈകളിലാണ്. ആയതിന് അതിന്റെ അങ്ങേയറ്റം വരെ പോകുവാനും നിങ്ങൾ തയ്യാറാവണം എന്നതാണ് എന്റെ പക്ഷം.

**ആധുനിക യുവതലമുറയോടും ഞങ്ങളോടും ഉള്ള അങ്ങയുടെ സന്ദേശം?**

യുവതലമുറയെക്കുറിച്ച് എനിക്ക് വളരെ പ്രതീക്ഷയാണ്. അതുകൊണ്ട് തന്നെ എനിക്ക് നിങ്ങളോട് പറയുവാനുള്ള സന്ദേശം മഹാത്മാഗാന്ധി ഭാരതജനതയ്ക്ക് നൽകിയ സന്ദേശമാണ്. നല്ലവരായി ജീവിച്ച് പരിശുദ്ധ സഭ ലോകത്തെ നല്ലവരാക്കുവാൻ ഉള്ള ദൈവത്തിന്റെ ഒരു വലിയ കൂട്ടായ്മയാണ് യുവജനങ്ങൾ. സഭയുടെ മുഖ്യധാരയിൽ ഉറച്ചുനിന്നുകൊണ്ട് നിങ്ങളുടെ ജീവിതം നിങ്ങളുടെ പ്രസംഗമാക്കി രൂപാന്തരപ്പെടുത്തണം. മഹാത്മാഗാന്ധി പറഞ്ഞു "എന്റെ ജീവിതമാണ് എന്റെ സന്ദേശം." കാരമൂട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ പ്രിയപ്പെട്ട യുവജനപ്രസ്ഥാന അംഗങ്ങളോട് എനിക്ക് നൽകുവാനുള്ള സന്ദേശവും ഇതാണ്. നമ്മുടെ ജീവിതമാണ് നമ്മുടെ സന്ദേശം എന്ന് സഭയിൽ ഉറച്ചുനിന്നുകൊണ്ട് ലോകത്തിന് കാണിച്ചു കൊടുക്കുക. ദൈവം അനുഗ്രഹിക്കട്ടെ.

**അഭിമുഖം നടത്തിയവർ റോഷൻ വി. പി, ഷിനു സ്കറിയ, ജോർജി പുന്നൻ, ലിറ്റോ കെ. ജോയി**

**അഭിമുഖം നടത്തുവാൻ അവസരം ഉണ്ടാക്കിത്തന്ന വിപിൻ ബാബുവിനും അനൂപ് തോമസ് അലക്സാണ്ടർക്കും നന്ദി.**


## ഉപകാര സ്മരണ



**Inserted by:**

**Varghese Kurian & Family Kunnumpurathu**



Rajeesh
Mob: 9446424649



nano
Laptop & PC - Sales & Service
Net working, Monitor, UPS, Printer,
Mobile Phone &
Mother Board Chip Level Servicing

Sree Narayana Complex, M.C. Road, Borma kavala, Pallom, Kottayam



# ലാഡിവാ ബ്യൂട്ടിപാർലർ

**(ലേഡീസ് & കിഡ്സ്)**

**ശ്രീനാരായണ ഷോപ്പിംഗ് കോംപ്ലെക്സ്**

**ബോർമ്മക്കവല, പള്ളം കോട്ടയം ഫോൺ: 9447767532/9744972977**

**എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടുകൂടി തുറന്ന് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.**

**ഈ സ്ഥാപനത്തിൽ ലഭ്യമാകുന്ന സേവനങ്ങൾ**

Bridal make-up, Facial with ozone (Herbal & Synthetic), Hair Cutting, Threading, Manicure & Pedicure, Waxing, Henna treament, Hot oil treatment, Dandruff treatment, Ear piercing, Mehandi desingning, Pigmetation treatment. .. etc.

**Time 9.30 Am To 6.30 Pm**

**ഞായറാഴ്ച തുറന്നു പ്രവർത്തിക്കുന്നതാണ്.**

**വിദേശ നിർമ്മിത കോസ്മെറ്റിക്സ് ഉപയോഗിച്ചുള്ള സൗന്ദര്യസംരക്ഷണം മിതമായ നിരക്കിൽ ഈ സ്ഥാപനത്തിൽ ലഭ്യമാണ്**

# പ്രകാശിക്കുന്ന ദൈവവും പ്രകാശിക്കേണ്ടിയ മനുഷ്യനും



**ജേക്കബ് റ്റി. ഏബ്രഹാം, താമരപ്പള്ളിൽ**
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

പ്രകാശം എന്നത് ഇരുട്ടിന്റെ അന്തകനാണ് ഇരുളിൽ നിന്ന് പ്രകാശത്തിന്റെ മഹത്വം തിരിച്ചറിയുകയുള്ളൂ. ക്രിസ്തീയ കാഴ്ചപ്പാടിൽ പ്രകാശം എന്നത് മഹത്വത്തിന്റെ പ്രത്യേകതയാണ്. പ്രകാശം ബൈബിളിൽ മനോഹാരികതയുടെ പ്രതീകമായി കാണാം. പ്രകാശത്തിന്റെ പ്രതികരണങ്ങൾ

**1. മുൾപടർപ്പിലെ പ്രകാശവും, മോശയും**

ദൈവ പ്രകാശത്തിൽ നിന്ന് മോശ പ്രകാശം ഉൾക്കൊള്ളുന്നു. പ്രകാശിക്കുന്ന ദൈവത്തെയും പ്രകാശത്തിന്റെ ശക്തിയാൽ പ്രകാശിക്കുന്ന മനുഷ്യനെയും ആണ് ഈ ഭാഗത്ത് കാണുന്നത്. മോശയുടെ ദൈവപ്രകാശത്തിലേക്ക് കടന്നു വരുമ്പോൾ സുതാര്യമാകുന്നു. തന്മൂലം മോശയ്ക്ക് പ്രകാശിക്കുവാൻ കഴിയുന്നു, എപ്രകാരം എന്നാൽ സൂര്യന്റെ പ്രകാശത്തെ ഉൾകൊണ്ട ചന്ദ്രൻ പ്രകാശിക്കുന്നതു പോലെ പ്രകാശത്തിലേക്ക് മോശ കടന്നുവരുമ്പോൾ മോശയ്ക്ക് ഭവിക്കുന്ന മാറ്റം. ബലഹീനത നിറഞ്ഞ ജീവിതത്തെ ദൈവ പ്രകാശത്താൽ പ്രോജ്ജ്വലിപ്പിക്കുന്നു. മോശ പ്രകാശത്തിലേക്ക് ഭയപ്പാടോടുകൂടി കടന്നു വരുന്നു. പ്രകാശം അവനെ ആകർഷിക്കുമ്പോൾ സ്വയം ശുദ്ധീകരിച്ച് കടന്നുചെല്ലുന്നു. തന്മൂലം അശക്തനായവൻ ശക്തനാകുന്നു.

**2. യിസ്രായേൽ മക്കളെ യാത്രയിൽ വഴി നടത്തിയ നിത്യപ്രകാശം**

യിസ്രായേൽ മക്കളുടെ മരുഭൂമി യാത്രയിൽ ദൈവസാന്നിധ്യം പ്രകാശമായി, ഓരോ യാത്രയിലും അവരെ സംരക്ഷിക്കുന്നു. പിറുപിറുക്കലിന്റേയും അസൂയയുടെയും മനസുമായി മുന്നേറിയ ജനസമൂഹം പ്രകാശത്തെ തിരിച്ചറിയുന്നില്ല. പ്രകാശത്തെ മുൻനിറുത്തി യാത്ര തുടങ്ങിയ യിസ്രായേൽ മക്കളിൽ ബഹുഭൂരിപക്ഷവും യാത്രയിൽ ലക്ഷ്യസ്ഥാനത്ത് എത്തുന്നില്ല. കാരണം അവർ പ്രകാശത്തെ തിരിച്ചറിഞ്ഞില്ല. മോശയും യോശുവായും മാത്രമേ ഈ ജനസമൂഹത്തിൽ പ്രകാശത്തെ തിരിച്ചറിഞ്ഞുള്ളൂ. തന്മൂലം അവരുടെ ജീവിതം പ്രകാശമായി മാറുന്നു. യിസ്രായേൽ മക്കൾ പ്രകാശത്തെ ഭയപ്പെടുന്നു. സീനായി മലയിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷനാകുമ്പോൾ യിസ്രായേൽ മക്കൾ ഭയപ്പെടുന്നു കാരണം പ്രകാശത്തിന്റെ മഹത്വം തിരിച്ചറിയുന്നില്ല ഈ സംഭവത്തിനു ശേഷം കാളക്കുട്ടിയെ ആരാധിക്കുന്ന സമൂഹമായി മാറുന്നു. തന്മൂലം ജനസമൂഹത്തിന് വാഗ്ദത്തനാട്ടിൽ എത്താൻ കഴിയുന്നില്ല.


ഈ രണ്ടു സംഭവങ്ങളിലും വിവരിക്കുന്ന പ്രകാശം ദൈവമാണ്. ആധുനിക സമൂഹത്തിൽ പലപ്പോഴും പ്രകാശത്തിന്റെ പ്രതിരോധനം സൃഷ്ടിച്ചു കൊണ്ട് മുന്നേറുകയാണ് ചെയ്യുന്നത്. ഈ സാക്ഷ്യമല്ല നമുക്ക് ആവശ്യം. സത്യപ്രകാശത്തെ ഉൾക്കൊള്ളുവാനും മറ്റുള്ളവരിലേക്ക് പ്രകാശം പകർന്നുകൊടുക്കുവാൻ സാധിക്കണം. ദൈവവും നമ്മളിൽ നിന്ന് ആഗ്രഹിക്കുന്നത് ഇതാണ്. ദൈവ പ്രകാശം ഉൾകൊണ്ട് മറ്റുള്ളവർക്ക് പ്രകാശം ചൊരിയുകയും നന്മയുടെ മാർഗ്ഗത്തിൽ ജീവിക്കുകയും ചെയ്യുവാൻ സാധിക്കണം. ❑

# സ്വാതന്ത്ര്യത്തെ സ്നേഹിക്കുക....

**മാർട്ടസ്** (ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

സാമൂഹിക സാംസ്കാരിക ലോകത്തിന്റെ വ്യവസ്ഥകൾ അനുദിനം പ്രവചനാതീതമായി മാറികൊണ്ടിരിക്കുകയാണ്. സർവ്വകാലങ്ങളിലും പരക്കേ അംഗീകരിക്കപ്പെട്ടിരുന്ന സ്നേഹം, സന്തോഷം, സമാധാനം എന്നിവ പോലും കൈമോശം വന്നിരിക്കുന്ന കാലമാണിത് ജീഹാദ്, ലൗ ജിഹാദ് എന്നിങ്ങനെ സ്വാർത്ഥതാത്പര്യത്തെ പേരിട്ടുവിളിക്കുന്ന കാലം ഈവേലിക്കെട്ടുകൾ മതത്തിന്റെയോ വർണ്ണത്തിന്റെയോ വർഗ്ഗത്തിന്റെയോ പേരിലാണ് തലപൊക്കുന്നത്. ഇവിടെ യുവജനങ്ങൾ ജാഗരൂകരാകുക അതുപോലെ വ്യക്തിബന്ധങ്ങളിലും കുടംബ ബന്ധങ്ങളിലും വിള്ളലുകൾ വീഴുന്നു. മദ്യം, അക്രമവാസനകൾ ദുർചര്യകൾ തുടങ്ങിയവ നമ്മുടെ സമൂഹത്തിൽ ചിലപ്പോഴെങ്കിലും മാന്യതയുടെ ചിഹ്നങ്ങളാകുന്നു. ഇവിടെ സാമൂഹിക ബന്ധങ്ങൾ മൂല്യാധിഷ്ഠിതമാകുന്നു. വ്യക്തിബന്ധങ്ങൾ അപക്വങ്ങളായ ചിന്തകളിൽ നിന്ന് വിടർത്തുവാനും യുവജനങ്ങൾക്ക് സാധിക്കണം. അതിന് ആശയ രൂപീകരണത്തിലൂടെയെ സാധ്യമാകൂ. അത് തങ്ങളുടെ ആശയങ്ങളെ തച്ചുടക്കുകയോ വലിച്ചെറിയുകയോ അല്ല.മറിച്ച് പ്രായോഗിക തലങ്ങളിലേക്ക് ചിന്തിക്കുക എന്നതാണ്. ഇവിടെ അതിന് ആശയജ്വലനം ആവശ്യമാണ്. ജ്വലനം സ്വയം ഹോമിക്കലാണ്. ഈ ജ്വാലനം അനേകർക്ക് വെളിച്ചവും ചൂടുകൊടുക്കുന്നതാകുന്നു. നീ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ശത്രുവിനെ സ്നേഹിക്കുക എന്ന മഹത്വരമായ ആശയം നമുക്ക് തന്നത് ഒരു യുവാവാണ്- യേശു. തന്റെ പക്വമായ ആശയങ്ങളെ പങ്കുവച്ചത് തന്റെ മുപ്പതാമത്തെ വയസ്സിലാണ്. ഈ ആശയങ്ങളോട് നമ്മുടെ പ്രതികരണം എന്തായിരിക്കണം? നമ്മുക്കു നമ്മുടെ സമൂഹത്തോട് കടപ്പാടുണ്ടോ? സാമൂഹിക ജീവി എന്ന നിലയിൽ നമ്മുടെ പ്രതികരണങ്ങൾ എപ്രകാരം? നാം യഥാർത്ഥ സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ടോ? ചോദ്യങ്ങൾ നമ്മുടെ മനസ്സിനെ അലട്ടട്ടേ- മൂല്യങ്ങളില്ലാത്ത സമൂഹം ചരടറ്റ പട്ടംപോലെയാണ് അതിന് നിയന്ത്രണങ്ങളില്ല. നമ്മുടെ വ്യക്തിജീവിതവും മൂല്യാധിഷ്ഠിതമല്ലെങ്കിൽ ഇതുപോലെയാകും നമ്മെ നിയന്ത്രിക്കുന്നത് ചിലപ്പോൾ മദ്യമോ വർഗ്ഗീയവാദമോ വർണ്ണ വെറിയോ ദുർചര്യകളോ ആകാം. അതിനാൽ ലോകഃ സമസ്തസുഖിനോ ഭവന്തുഃ എന്ന ആർഷഭാരതത്തിന്റെ അസ്ഥിത്വത്തിലേക്കും നമുക്ക് നമ്മുടെ ചിന്തകളെ വളർത്താം. യുവാവായ പൗലോസിനെപോലെ പുതിയ ചിന്തയിലേക്ക് പുതിയ ദർശനങ്ങളിലേക്ക് കടന്നു ചെല്ലുവാനും എന്റെ ഉണ്മയെ തിരിച്ചറിയുവാനും സാധിക്കണം. അതിന് ഉണരുക. ജാഗ്രതയായിരിക്കുക നിന്റെ കർമ്മത്തിൽ നിരന്തരം സ്വാതന്ത്ര്യം അനുഭവിക്കുക.

## ഉപകാര സ്മരണ



**Inserted by:**

**Punnen George & Family Perumpuzhamoolayil**

**Wish You a Happy Married Life**





**Monson with Naivy**
**Best Wishes... Njaliyil Family**

**Wish You a Happy Married Life**





**Biju with Rejeena**
**Best Wishes... Kunnumpurathu Family**

# ജ്ഞാനത്തിന്റെ ആത്മാവ്...

(ഒന്നാം പേജിൽ നിന്നും)

യിൽ താല്പര്യമുള്ളവരും ആയിരുന്നത്രേ! എത്ര വ്യത്യസ്തങ്ങളായ വഴികളിലൂടെയാണ് അവരെ പഠിപ്പിച്ചത്. കഥ പറഞ്ഞും സൗഖ്യം നൽകിയും അപ്പം പങ്കിട്ടും മഹത്വം കാട്ടിയുമൊക്കെ വഴിനടത്തി. എന്നിട്ടും മനസ്സിലായില്ല. അവസാനത്തെ അത്താഴത്തിൽ പോലും ആരാണ് വലിയവനെന്ന തർക്കം. ശിഷ്യന്മാർ ഗുരുവിന്റെ കാൽ കഴുകിയാണ് അത്താഴത്തിനിരുത്തുക. എന്നാൽ തർക്കം മൂലം അത് മറന്നിട്ടുണ്ടാവും. ഗുരു അവരുടെ കാൽ കഴുകി അവരെ പഠിപ്പിക്കുന്നു, ആരാണ് വലിയവനെന്ന്.

സകല അഭ്യസനവും കഴിഞ്ഞിട്ടും ഫലം ഉണ്ടായില്ല. ഒടുവിൽ ശീമോൻ പത്രോസ് പറയുന്നു. “ഞാൻ മീൻ പിടിക്കാൻ പോകുന്നു.” ശിഷ്യന്മാർ പറഞ്ഞു “ഞങ്ങൾക്കും ഇതു തന്നെയാണവസ്ഥ.” അഭ്യസനങ്ങളെല്ലാം കഴിഞ്ഞാലും പഴയതിലേക്ക് തന്നെ മടങ്ങിപോകുന്നു. ഈ പോക്കിന് ഒരു കുഴപ്പമുണ്ട്. മീൻപിടിത്തം അവർ മറന്നുപോയി. രാത്രി മുഴുവൻ വീശിയിട്ടും ഒന്നും കിട്ടിയില്ല. അപ്പോഴാണ് ആശാരി മുക്കുവനോട് പറയുന്നത് ‘എവിടെ വീശണം’ എന്ന്. അവിടെ ആരെന്നതല്ല; അനുസരണമാണ് പ്രധാനം. ആശാരിക്കറിയാമോ എന്നതല്ല; മുക്കുവൻ ചെയ്യുമോ എന്നതാണ് പ്രസക്തം.

ഒടുക്കം ക്രിസ്തു അവരെ ശാസിക്കുന്നു. “പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്ക് പ്രത്യക്ഷനായി, തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്കു വിശ്വസിക്കാതിരുന്നതിനാൽ അവരുടെ അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും ശാസിച്ചു” (വി. മർക്കോസ് 16:14). പിന്നെ അവർക്ക് വിവിധ അനുഗ്രഹങ്ങളും നൽകി. എന്നിട്ടും അവർക്കൊന്നും മനസ്സിലായില്ല.

അവർ കാത്തിരുന്നു. പരിശുദ്ധാത്മാവ് അഗ്നിനാവുകളുടെ രൂപത്തിൽ അവരുടെ മേൽ ആവസിച്ചപ്പോഴാണ് അവർക്ക് കർത്താവിന്റെ വാക്കുകളുടെയും ജീവിതത്തിന്റെയും അർത്ഥം മനസ്സിലാക്കുന്നത്. ആദ്ധ്യാത്മിക വിദ്യാഭ്യാസത്തിന്റെ പൂർണ്ണത പരിശുദ്ധാത്മ ആവാസത്തിലാണ്. ആ നിമിഷം ശീമോന്റെ നാവ് തുറന്നു. തീ പിടിച്ച വാക്കുകൾ പുറത്ത് വന്നു. അപ്പോൾ മുതൽ അവർ കർത്താവിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തുതുടങ്ങി.

നമുക്കും കാത്തിരിക്കാം. കർത്താവിന് വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യാനുള്ള ആത്മബലത്തിന്റെ നവീകരണത്തിനു വേണ്ടി പ്രാർത്ഥനാപൂർവ്വം കാത്തിരിപ്പുനാളുകളെ ശുദ്ധീകരിക്കാം.

**(മൗനത്തിന്റെ ലാവണ്യം എന്ന ഗ്രന്ഥത്തിൽ നിന്നും)**

## ആദരാഞ്ജലികൾ



**വി. ഐ. ഏബ്രഹാം**

**മട്ടയ്ക്കൽ വെൺപറമ്പിൽ, പള്ളം ബോർമ്മക്കവല**

**“പ്രാർത്ഥനയിൽ മേൽമ്മേൽ എന്നെ ഓർപ്പീൻ എന്നെ മറന്നീടാൻ ഇടയാകരുതേ”**

**കഴിഞ്ഞ 25 വർഷം കോട്ടയം പഴയ സെമിനാരിയിലെ ദിവ്യബോധനം ഓഫീസ് സെക്രട്ടറിയായിരുന്ന അച്ചൻകുഞ്ഞിന്റെ ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്**

**ഡെയ്സി ഏബ്രഹാം (ഭാര്യ) എസ്ഥേർ അൻസി ഐ. വി. ഏബ്രഹാം (മകൾ) ആൻവിൻ ഇസ്രയേൽ (മകൻ)**

**എം. എം. ഇസ്രയേൽ (പിതാവ്) സാറാമ്മ ഇസ്രയേൽ (മാതാവ്) സഹോദരങ്ങൾ മോളമ്മ, ഐപ്പ്, ജോർജ്കുട്ടി, ഓമന, മോനി മാത്യു, സൂസൻ ഇസ്രയേൽ, അലീൻ വി. ഐ. തോമസ്**

**ഗവ: അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകളിലേയ്ക്ക് അഡ്മിഷൻ ക്ഷണിക്കുന്നു. 100% ജോലി ലഭ്യത**

**സിലിക്കൺ കംപ്യൂട്ടർ കോളജിന്റെ കംപ്യൂട്ടർ കോഴ്സുകളായ**
**PGDCA, CTTC, DCA, DFA, DTP, PHOTOSHOP, TALLY, MS-OFFICE, C, C++, VISUAL BASIC ETC.....**

**(ആൾ ഇന്ത്യ കംപ്യൂട്ടർ സാക്ഷരതാ മിഷന്റെയും ദേശീയ വനിത വികസന കോർപ്പറേഷന്റെയും കോഴ്സുകൾ 50% സ്കോളർഷിപ്പോടു കൂടി നടത്തപ്പെടുന്നതാണ്.**

*അഡ്മിഷനുകൾക്ക്*

**SILICON Computer College**
**Kakanattu Buildings, Near Lions Club, Opp. Railway Quarters, Railway Station Road, Kottayam. Ph. 0481-2301038**

# സെന്റ് മേരീസ് യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ വാർഷിക റിപ്പോർട്ട്

പൗരസ്ത്യ ക്രൈസ്തവ യുവജന പ്രസ്ഥാനം പള്ളം, കാരമൂട് പള്ളിയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ സഹായിച്ച ദൈവത്തിന് സ്തുതിയർപ്പിച്ചു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**ഭാരവാഹികൾ**

റവ. ഫാ. എം. സി. ജോർജ്ജ് മുണ്ടപ്ലാമൂട്ടിൽ ഈ വർഷത്തെ യുവജന പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. കാരമൂട് സെന്റ് മേരീസ് യുവജന പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായി എബിൻ സി. വർഗ്ഗീസ് ചെമ്പിത്തറ, സെക്രട്ടറിയായി റോഷൻ വി. പി വൈദ്യൻ പറമ്പിൽ, ജോയിന്റ് സെക്രട്ടറിയായി മോനു ജോയി തെക്കുംതറമ്യാലിയിൽ ട്രഷററായി ലിറ്റൊ കെ. ജോയി കുന്നുപ്പുറത്ത് വനിതാ ഓർഗനൈസറായി സ്നേഹാ കുര്യൻ കൊണ്ടകശ്ശേരിൽ എന്നിവരെ തിരഞ്ഞെടുത്തു.

**ക്വിസ് മത്സരം**

റവ. ഫാ. വി. എൻ. എബ്രഹാം മെമ്മോറിയൽ ക്വിസ് മത്സരം ഓഗസ്റ്റ് 16-ാം തീയതി നടത്തപ്പെട്ടു. അതിൽ ഒന്നാം സ്ഥാനം വെട്ടിക്കുന്നേൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിക്കും രണ്ടാം സ്ഥാനം നെടുമാവ് സെന്റ് പോൾസ് പള്ളിക്കും മൂന്നാം സ്ഥാനം മീനടം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിക്കും ലഭിച്ചു.

**വിനോദയാത്ര**

നമ്മുടെ ഇടവകയിലെ യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 30 ഏപ്രിൽ 2009 ൽ ഒരു വിനോദയാത്ര നടത്തപ്പെട്ടു. പാമ്പാക്കുട ചെറിയപ്പള്ളി, തൃക്കുന്നത്ത് സെമിനാരി, കാലടി ശങ്കരാചര്യരുടെ മഠം, ആതിരപ്പള്ളി, വാഴച്ചാൽ, സിൽവർ സ്റ്റോം എന്നിവ സന്ദർശിച്ചു.

**യുവജനവാരവും ഓണാഘോഷ പരിപാടികളും**

സെപ്റ്റംബർ 1-8 വരെ നമ്മുടെ ഇടവകയിൽ യുവജനവാരം നടത്തുകയുണ്ടായി. ഇതിനോടനുബന്ധിച്ച് യുവജനപ്രസ്ഥാനം ഓണസദ്യയും ഓണാഘോഷ പരിപാടികളും നടത്തി.

**ഇടവകദിനാഘോഷം**

സെപ്റ്റംബർ 27, ഒക്ടോബർ 18 എന്നീ ദിവസങ്ങളിൽ നമ്മുടെ പള്ളിയിൽ ഇടവക ദിനാഘോഷങ്ങളോടനുബന്ധിച്ചു യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഫുഡ് സ്റ്റോൾ നടത്തപ്പെട്ടു.

**പരുമല തീർത്ഥാടകർക്ക് സ്വീകരണം**

ഒക്ടോ. 30-ന് കൊല്ലാട് പള്ളിയിൽ നിന്നും വന്ന പരുമല തീർത്ഥാടകർക്ക് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി.

**കലാമത്സരങ്ങൾ**

പള്ളം ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന കലാമത്സരങ്ങളിൽ നമ്മുടെ യുവജവപ്രസ്ഥാനം രണ്ടാം സ്ഥാനം കരസ്ഥമാക്കി. മത്സരത്തിൽ വിജയികളായവർ: സച്ചിൻ തോമസ് കുര്യൻ, റോഷൻ വി. പി., ജോർജി പുന്നൻ, മിതി മേരി കുര്യൻ, രേഷ്മ വി. പി., ചിഞ്ചു സൂസൻ.

**ഉപസംഹാരം**

അനുഗ്രഹങ്ങൾ ചൊരിഞ്ഞു ഞങ്ങളെ വഴി നടത്തിയ ത്രിയേക ദൈവത്തിൽ ആശ്രയിച്ചു കൊണ്ടും വി. കന്യക മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടു ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഞങ്ങളെ സഹായിച്ച എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ടും ഞങ്ങൾ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

## ഫാ. വി. എൻ. എബ്രഹാം മെമ്മോറിയൽ ക്വിസ്സ്മത്സരം

കാരമൂട്: സെന്റ് മേരീസ് സെഹിയോൻ യൂത്ത് മൂവുമെന്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 16-ാം തീയതി 2 മണിയ്ക്ക് ഫാ. വി. എൻ. എബ്രഹാം മെമ്മോറിയൽ ക്വിസ്സ് മത്സരം നടത്തി. ഭദ്രാസന തലത്തിൽ ക്രമീകരിച്ച മത്സരത്തിൽ ഒന്നാം സ്ഥാനം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് വെട്ടിക്കുന്നേലിനും രണ്ടാം സ്ഥാനം സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് നെടുമാവിനും മൂന്നാം സ്ഥാനം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് മീനടവും നേടി വൈദിക സെമിനാരി മൂന്നാം വർഷ വിദ്യാർത്ഥി സിനു ക്വിസ്സ് മാസ്റ്ററായിരുന്നു. വിജയികൾക്ക് ക്യാഷ് പ്രൈസും എവറോളിംഗ് ട്രോഫിയും വിതരണം ചെയ്തു.

## ക്വിസ്സ് മത്സരം

കുറിച്ചി: സെന്റ് മേരീസ് & സെന്റ് ജോർജ്ജ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 6-ാം തീയതി 11.30 ന് ക്വിസ്സ് മത്സരം നടത്തി. ഒന്നാം സമ്മാനം സെന്റ് പോൾസ് കുറിച്ചിക്കും രണ്ടും മൂന്നും സ്ഥാനങ്ങൾ സെന്റ് പോൾസ് പള്ളത്തിനും സെന്റ് മേരീസ് വെള്ളുത്തുരുത്തിയ്ക്കും ലഭിച്ചു.

ഉപകാര സ്മരണ



**Inserted by:**

**Sachin Thomas Kurian
Kondakasseril**

ഉപകാര സ്മരണ



**Inserted by:**

**V. P. Paulose & Family
Vaidhyanparampil**

# പ്രാർത്ഥനയും സ്നേഹമതവും

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

ബൈബിളിൽ പഴയനിയമത്തിലെ 23-ാം സങ്കീർത്തനവും പുതിയ നിയമത്തിലെ യേശു ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയും ആദ്ധ്യാത്മിക സംസർഗ്ഗത്തിനുതകുന്നതാണ്.

ഈ രണ്ട് പ്രാർത്ഥനങ്ങളിൽ ആദ്യത്തേത് വിശ്വാസത്തിന്റെ ആഴമായിരിക്കുന്നതുപോലെ, അവരവരുടെ മതത്തിലെ ദൈവവിശ്വാസം കൊണ്ട് അസാധാരണമായ ധൈര്യം ലഭിക്കുന്നവർ മിക്കവാറും എല്ലാ മതങ്ങളിലുമുണ്ടെന്ന് പറയാം. മതത്തിന്റെ സാമൂഹ്യവശം 23-ാം സങ്കീർത്തനത്തിൽ ഇല്ലാ എന്നുള്ളത് പ്രധാന കാര്യമാണ്. മഹാത്മാഗാന്ധി ഉൾപ്പെടെ അനേക ഹൈന്ദവ ഭക്തന്മാർ മതം വ്യക്തിപരമാണെന്ന് വിശ്വസിക്കുന്നു. വിശ്വസവും പ്രത്യാശയും പലയളവിൽ മതരഹിതർക്കു കൂടെയുണ്ടെങ്കിലും ഇന്ന് ഏറ്റവമധികം ആവശ്യമായിരിക്കുന്നത് സ്വാർത്ഥരഹിതമായ സ്നേഹമാണ്. സ്വർഗ്ഗീയ ദൈവം വെറും ഏകത്വമല്ല എന്ന് പഠിപ്പിക്കുന്ന പ്രാർത്ഥനയാണ് ക്രിസ്തുഭഗവാൻ ശിഷ്യന്മാരെ പഠിപ്പിച്ചത്. അതിനാൽ ഉദാത്തമായ 23-ാം സങ്കീർത്തനത്തിൽ പോലുമില്ലാത്ത സ്നേഹത്തിന്റെ മഹിമ ആഗോളകർത്യ പ്രാർത്ഥനയിൽ ആർക്കും ദർശിക്കാവുന്നതാണ്. അന്നന്ന് ആവശ്യമുള്ള ആഹാരം മാത്രം എല്ലാവർക്കും ലഭിക്കണമെന്നുള്ള അനുദിന പ്രാർത്ഥന ഉരുവിടുന്നവർ പോലും അതിനുവേണ്ടി പ്രവർത്തിക്കുന്നില്ലാ എന്നുള്ളത് ഒരു പരമാർത്ഥമാണല്ലൊ. നിന്റെ നാമം, നിന്റെ രാജ്യം, നിന്റെ ഇഷ്ടം എന്ന് പ്രാർത്ഥിപ്പാൻ സാധ്യമല്ലല്ലോ. ദൈവരാജ്യത്തിന്റെ ആഗമനത്തിനുള്ള ഈ പ്രാർത്ഥന അർത്ഥവത്തായി പ്രാർത്ഥിച്ചിരുന്നു എങ്കിൽ മുതലളിത്ത വ്യവസ്ഥിതിയൽ വർദ്ധിച്ചു കൊണ്ടിരുന്നു. സ്വാർത്ഥത കുറയുമായിരുന്നു.

**സ്നേഹത്തിന്റെ ആഗോളവൽക്കരണം**

കച്ചവടത്തിന്റെ ആഗോളവൽക്കരണം കൊണ്ട് ധനവാന്മാർ കൂടുതൽ ധനവാനാകുന്നതല്ലാതെ ദരിദ്ര രാജ്യങ്ങൾ ഉയരുന്നില്ലായെന്ന് ഇപ്പോൾ എല്ലാവരും സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. വർഗ്ഗീയ ദൈവവിശ്വാസം സ്വർഗ്ഗീയ ദൈവവിശ്വാസത്തിലേക്ക് നയിക്കപ്പെടുന്നില്ല. 1990-ൽ ആരംഭിച്ച സാമ്പത്തിക ഉദാരവൽക്കരണം ഭാരതത്തെയും സാമൂഹിക നീതിയിലേക്ക് നയിച്ചിട്ടില്ല. ആധുനിക ഭാരതത്തിൽ മന്ത്രിമാർ, എം. എൽ. എ. മാർ ഒഴിച്ച് കൃഷിക്കാരും അല്ലാത്തവരുമായ കോടിക്കണക്കിന് ജനങ്ങൾ ക്ഷാമം അനുഭവിക്കുകയാണ്. അമർത്യസെൻ കണ്ടുപിടിച്ചിരിക്കുന്ന ക്ഷേമ സാമ്പത്തിക വ്യവസ്ഥിതി വരികയാണങ്കിൽ മുതലാളിത്തവും കമ്യൂണിസവും വഴി മാറുകയും എല്ലാവർക്കും സാമ്പത്തിക സാമൂഹ്യനീതി കൈവരിക്കുകയും ചെയ്യും. സോഫ്റ്റ്വെയർ കണ്ടുപിടിച്ച ബിൽഗേറ്റ്സ് ചാരിറ്റിയായി സംഭവന കൊടുക്കുന്നതല്ലാതെ ദാരിദ്രം തുടച്ചു മാറ്റുവാൻ അദ്ദേഹത്തിന്റെ പണം ഉപയോഗിക്കുന്നില്ല. ഇൻഫർമേഷൻ ടെക്നോളജിയും കമ്പ്യൂട്ടർ വിപ്ലവവും ദരിദ്ര നാരായണന്മാർക്ക് യാതൊരു ഗുണവും ചെയ്യുന്നില്ലല്ലൊ.

ദൈവസ്നേഹം സാമൂഹ്യ നീതി വരുത്തുവാൻ അടിസ്ഥാനമാകാതിരുന്നാൽ ഫ്രഞ്ചുവിപ്ലവം പോലെയുള്ള വിപ്ലവം ദരിദ്രരാജ്യങ്ങളിലും ഉണ്ടാകാതെയിരിക്കുകയില്ല. ശ്രീ. ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തം പോലും വിവിധത്വമായയാണെന്നുള്ള ചിന്തയിൽ നിന്നു മാറി ബ്രഹ്മത്തിൽ തന്നെ അദ്വൈതമാകുന്ന സ്നേഹമുണ്ട് എന്ന വ്യാഖ്യാനിക്കേണ്ടതാണ്. വ്യക്തികൾ തമ്മിൽ സ്നേഹിക്കുന്നതുപോലെ മതങ്ങളും വിവിധ വിശ്വാസം പിടിച്ചു കൊണ്ടു തന്നെ പരസ്പരം യോജിക്കേണ്ടകാലം സമാഗതമായിരിക്കുന്നു.

**എല്ലാ മതങ്ങളിലും സ്നേഹത്തിന്റെ പ്രതിഫലനം**

ശ്രീരാമൻ സിംഹാസനം ത്യജിച്ച് 14 വർഷം വനവാസം ചെയ്തത് ഈശ്വരൻ സ്നേഹമാണെന്ന് തെളിയിക്കുന്നില്ലേ? മുഹമ്മദ് നബിയുടെ പഠിപ്പിക്കലിൽ നാൽപ്പതിലൊന്ന് സക്കാത്ത് കൊടുക്കണം. അത് 8 കൂട്ടർക്കായിരിണം. എന്ന ആശയം മനസ്സവില് ആവശ്യമാണെന്ന് കാണിക്കുന്നുണ്ടല്ലോ. വി. ഖുറാനിലെ ഓരോ ഖണ്ഡികയും ആരംഭിക്കുമ്പോൾ പരമ കാരുണികനും കരുണാമയനുമായ അള്ളാഹുവിന്റെ നാമത്തിൽ എന്ന് കാണുന്നത് അള്ളാഹുവിന്റെ സ്നേഹമല്ല. ത്രീയേക ദൈവം എന്ന ആശയത്തോട് വി. ഖുറാനിൽ കാണുന്ന ക്രിസ്ത്യാനികൾ മൂന്ന് ദൈവങ്ങൾ വിശ്വസിക്കുന്നു എന്ന തെറ്റിദ്ധാരണയിൽ ഉളവായതാണ്. സഭാ പിതാക്കന്മാരുടെ എഴുത്തുകളിൽ ത്രീയേക ദൈവം മൂന്നു ദൈവങ്ങളല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഒരു അണു കുടുംബത്തിൽ പിതാവും മാതാവും പൈതലുമുണ്ടെങ്കിൽ അവരുടെ സ്നേഹവും ത്യാഗവും പാരസ്പര്യതയും ഒന്നു തന്നെയാണല്ലോ. അവർ സന്തോഷവും ദുഃഖവും ഒരു പോലെ പങ്കിടുന്നു. അള്ളാഹുവിന്റെ ഉണ്മയിൽ കാരുണ്യം



നിത്യമായി ആരോടാണു കാണിച്ചതെന്ന ചോദ്യത്തിനു മറുപടി താത്ത്വികമായി ചിന്തിക്കുമ്പോൾ നിത്യമായി അള്ളാഹു കാരുണ്യവാനാണെങ്കിൽ ആ കരുണ സ്വീകരിക്കുവാനും പങ്കിടുവാനുള്ള സാധ്യത അള്ളാഹുവിലുണ്ടെന്ന് സമ്മതിക്കേണ്ടിവരും. ഏകത്വമില്ലാതെ ബഹുത്വവും, ബഹുത്വമില്ലാത്ത ഏകത്വവും ഏതോ കുറവുള്ളതായിരിക്കണമല്ലോ. ബഹുത്വമെല്ലാം മായ ആണെന്നുള്ള ചിന്ത, ശാസ്ത്രമോ, ചരിത്രമോ, ബയോളജിയോ, ഒന്നും തന്നെ സ്വീകരിക്കുന്നില്ല. ആകയാൽ സ്വർഗ്ഗീയ ദൈവത്തിൽ അപൂർണ്ണതയില്ല. സ്നേഹത്തിന്റെ പങ്കിടൽ നിത്യമായിട്ടുള്ളതാണെന്ന് വിശ്വസിക്കാതെയിരുന്നാൽ ആ വിശ്വസത്തിന് എന്തോ കുറവുണ്ടെന്ന് സംശയിക്കേണ്ടിവരും.

**ഉപസംഹാരം**

സ്നേഹത്തിന്റെ ഏക മതം എന്ന ആശയം ഏതെങ്കിലും ഒരു മതത്തിന്റെ ആശയമായിട്ടല്ല. എല്ലാ മതങ്ങളെയും സ്നേഹത്താൽ ധന്യമാക്കുവാനുള്ള ഒരു ദൈവവിശ്വാസം ആയിട്ടാണ് കാണേണ്ടത്. ക്രിസ്തുഭഗവന്റെ അന്ത്യ ശാസനത്തിൽ സകല ജാതികളെയും ശിഷ്യരാക്കുവാനാണ് കല്പിച്ചിരിക്കുന്നത്. അത് സ്നേഹത്തിന്റെ ശിഷ്യത്വമാണെന്ന് അന്ത്യന്യായവിധിയിൽ ചെമ്മരിയാടിനെയും കോലാടിനെയും തരം തിരിക്കുമ്പോൾ പ്രസ്ഷ്ടമാക്കിയിട്ടുണ്ട്. (മത്തായി. 25:31) ഒരു ലോക പിതാവു പോലും കുറെ മക്കളെ നിത്യനരകത്തിൽ വിടുകയില്ലല്ലോ. ആഗസ്തി നോസും, കാൽവിനും, ഇസ്ലാമതവും നിത്യനരകത്തിൽ വിശ്വസിക്കുന്നത് ഇപ്പോൾ തിരുത്തിക്കൊണ്ടിരിക്കുകയാണെന്ന് തോന്നുന്നു. എത്ര വലിയ പാപി പോലും കുറെ നന്മകൾ ചെയ്യാൻ സാധ്യതയുള്ളതിനാൽ നിത്യനരകത്തിന് അർഹനാക്കുകയില്ല. കൂടാതെ യേശു ക്രിസ്തുവിന്റെ പാതാളപ്രവേശനം (1 പത്രോസ് 3:19) അനുസരണം കെട്ടവരെ രക്ഷിക്കുവാനായിരുന്നുവല്ലോ.

വർഗ്ഗീയ ദൈവങ്ങളിൽ നിന്ന് സ്വർഗ്ഗീയ ദൈവത്തിലേക്ക് ഉയരേണ്ട ആവശ്യം ഈ ലേഖനത്തിൽ സൂചിപ്പിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. അതിനുള്ള മാർഗ്ഗം ദൈവം സ്നേഹമാണെന്നുള്ള വിശ്വാസം എല്ലാവർക്കുമുണ്ടാകുകയും Missiology സ്നേഹത്തിന്റേതാക്കുകയും മതം മാറ്റം മനുഷ്യാവകാശത്തിലേക്ക് മാറ്റുകയും ചെയ്യുക എന്നുള്ളതാണ്. അവരവർ പശ്ചത് സ്വയം വിമർശനത്തിന് വിധേയമാക്കേണ്ട കടമ, ഈ പുതിയ നൂറ്റാണ്ടിൽ എല്ലാ മതക്കാർക്കുള്ളതാണ്. ഡ്രീട്രീച്ച് ബോൺഹോഫർ സൂചിപ്പിച്ചതു പോലെ മാനവരാശി പ്രായ പൂർത്തിയിലേക്ക് വന്നിരിക്കുന്നു. (Man has come of age) വേദങ്ങളോടൊപ്പം സകല സത്യത്തിലേക്കും വഴി നടത്തുന്ന പരിശുദ്ധാത്മാവിൽ ആശ്രയിച്ചെങ്കിൽ മാത്രമെ യേശുക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹവാനായ സ്വർഗ്ഗീയ ദൈവം എല്ലാവരുടെയും ദൈവമാണെന്ന് ഗ്രഹിക്കുവാൻ സാധിക്കൂ. ഭിന്നതയും, യുദ്ധങ്ങളും, പൈശാചികവും, സ്നേഹം, ദൈവികവു മത്രെ. വി. വേദപുസ്തകപ്രകാരം യേശു ക്രിസ്തു കിടന്ന ഏക സിംഹാസനം കുരിശായിരുന്നു. തന്റെ ഭരണസിംഹാസനം ശ്ലീഹന്മാരുമായി പങ്കിടുന്നത് പുനരാഗമനശേഷമാണ്. ആകയാൽ ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ പോലും മാർത്തോമ്മായുടെയും പത്രോസിന്റെയും സിംഹാസനവാദം ഉപേക്ഷിച്ച് യേശുവിന്റെ സിംഹാസനമാകുന്ന കുരുശിലേക്ക് അടുക്കുകയാണ് പുനരൈക്യമാർഗ്ഗം.

**പ്രാർത്ഥന**

സ്നേഹസാഗരമായ പിതാവാം ദൈവമേ, മുഴുവാൻ ലോകത്തേയും സ്നേഹത്തിലേക്ക് നയിക്കുകയും വഴിയും സത്യവും ജീവനുമാകുന്ന സ്നേഹമാർഗ്ഗം ആധുനികലോകത്തെയും സഭകളെയും നയിക്കുകയും ചെയ്യണമേ.

## അഖില മലങ്കര ഡിബേറ്റ് മത്സരം

വാകത്താനം: ശ്രീ പി. പി. ചാക്കോ മെമ്മോറിയൽ അഖില മലങ്കര ഡിബേറ്റ് മത്സരം 2009 ജൂലൈ 26-ാം തീയതി ജറുശലേം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി. നവ ആത്മീയ പ്രസ്ഥാനങ്ങൾ ഓർത്തഡോക്സ് സഭയ്ക്ക് വെല്ലുവിളിയോ? എന്നതായിരുന്നു വിഷയം മത്സരത്തിൽ ഒന്നാം സ്ഥാനം തോട്ടയ്ക്കാട് മാർ അപ്രേം യുവജനപ്രസ്ഥാനം കരസ്ഥമാക്കി. രണ്ടാം സ്ഥാനം പാച്ചിറ താബോർ യുവജന പ്രസ്ഥാനവും മൂന്നാം സ്ഥാനം കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് യുവജന പ്രസ്ഥാനവും കരസ്ഥമാക്കി.

## യുവജനവാരം ആചരിച്ചു

സെപ്റ്റംബർ ആദ്യവാരം എല്ലാ യൂണിറ്റുകളിലും യുവജനവാരം ആചരിച്ചു. പള്ളിപരിസരം പള്ളിക്കകം എന്നിവ വൃത്തിയാക്കുകയും ഇതേ ദിവസം മറ്റ് കാരുണ്യ പ്രവർത്തനവും യൂണിറ്റുകളിൽ നടത്തുകയും ഉണ്ടായി.




## ദേവലോകത്ത് ഓർമപ്പെരുന്നാൾ

കോട്ടയം: ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബാവാമാരുടെ ഓർമ്മപ്പെരുന്നാൾ പ. കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ ജനുവരി 3, 4, തീയതികളിൽ നടക്കും.

## കാതോലിക്കേറ്റ് ക്വിസ് 2009, 27 ന്

കോട്ടയം 8-ാ മത് അഖില മലങ്കര ക്വിസ്മത്സരം 'കാതോലിക്കേറ്റ് ക്വിസ്സ് 2009' 27-ന് 1.30 ന് നെടുമാവ് സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളിയിൽ നടക്കും. 45 വയസ്സിൽ താഴെയുള്ള യുവാക്കൾക്കും പങ്കെടുക്കാം. പുതിയനിയമം, ആരാധന, സഭാചരിത്രം തുടങ്ങിയവയാണ് വിഷയം രണ്ട് പേരുടെ ടീമായും പങ്കെടുക്കാം.

## കലാമത്സരം നടത്തി

കോട്ടയം: ഭദ്രാസന തലത്തിലും ഡിസ്ട്രിക്റ്റ് തലത്തിലും കലാമത്സരം നടത്തി. ഭദ്രാസന തലത്തിൽ ഇപ്രാവശ്യവും പള്ളം ഡിസ്ട്രിക്റ്റ് കൂടുതൽ പോയിന്റ് നേടി ഓവറോൾ സ്ഥാനം നിലനിർത്തി.







### ഉപകാര സ്മരണ



**Inserted by:**

**Shine Scaria & Family**
**Mundaplammoottil**




### ഉപകാര സ്മരണ



**Inserted by:**

**Eldho John & Shany Eldho**
**Meenamkudiyil**

Published by Fr. M. C. George on behalf of St. Mary's OCYM, Karamoodu, Chief Editor Roshan V. P. Printed at Sophia Print House, Kottayam Mob: 99471 20697